കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# സുൽത്താൻ ബത്തേരി നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട് 2016-17


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dowyd.ksad@kerala.gov.in


(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.(ഡബ്ള്യൂ.വൈ.ഡി) എം2/611/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട് ജില്ല

തീയതി.10/11/2017.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

വയനാട്.

ചെയർപേഴ്സൺ ,

(സെക്രട്ടറി മുഖാന്തിരം)

സുൽത്താൻ ബത്തേരി നഗരസഭ.

സർ,

വിഷയം :സുൽത്താൻ ബത്തേരി നഗരസഭ. 2016-17 സാമ്പത്തിക

വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18,1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സുൽത്താൻ ബത്തേരി നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1,2-4,2-7 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-7,3-15 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം കൽപ്പറ്റ നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള മുൻസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 ലെ കേരള മുൻസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)(3)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സിനീയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ,

തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)റിജീയണൽ ജോയിന്റ് ഡയറക്ടർ,നഗരകാര്യ വകുപ്പ് ,കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.(ഡബ്ള്യൂ.വൈ.ഡി).എം2/611/2017

തീയതി.10/11/2017.

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ മുൻസിപ്പാലിറ്റി നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി നഗരസഭയുടെ 2016-17സാമ്പത്തിക

വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 20.12.16 മുതൽ 31.5.17 വരെയുമുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയുംപരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം 42 ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ശ്രീ . സുരേന്ദ്രൻ .പി.ബി<br>സിനീയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01.06.2017മുതൽ<br>14.6.2017 വരെയും 22.9.17 മുതൽ 27.9.17 വരെയും |
| ഓഡിറ്റ്<br>നടത്തിയ<br>ഉദ്യോഗസ്ഥർ | ശ്രീമതി .പി.എസ്.വസന്ത<br>ഓഡിറ്റ് ഓഫീസർ. |
| | ശ്രീ.എ.ജി.കിഷോർ,<br>ഓഡിറ്റ് ഓഫീസർ. |
| | ശ്രീമതി. ബിന്ദു.കെ.കെ,<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അലി.അക്ബർ |

| | |
|---|---|
| | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മനോഹരൻ.കെ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | കുമാരി. ലത.ടി.കെ<br>ഓഡിറ്റർ |

(ബി) നിർവഹണ അധികാരികൾ

| | | |
|---|---|---|
| ചെയർപേഴ്സൺ | ശ്രീ.സി.കെ.സഹദേവൻ | 1.4.16 -31.3.17 |
| ഡെപ്യൂട്ടി ചെയർപേഴ്സൺ | ശ്രീമതി.ജിഷ ഷാജി | 1.4.16 -31.3.17 |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (വികസന കാര്യം) | ശ്രീ.ടി.എൽ .സാബു | 1.4.16 -31.3.17 |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ക്ഷേമകാര്യം) | ശ്രീമതി.പി.കെ.സുമതി | 1.4.16 -31.3.17 |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ആരോഗ്യം ) | ശ്രീ.ബാബു അബ്ദുറഹിമാൻ | 1.4.16 -31.3.17 |
| സ്റ്റാൻഡിംഗ്കമ്മിറ്റിചെയർമാൻ(വിദ്യാഭ്യാസം) | ശ്രീ.വൽസ ജോസ് | 1.4.16 -31.3.17 |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (പൊതുമരാമത്ത് ) | ശ്രീമതി.എൽസി പൌലോസ് | 1.4.16 -31.3.17 |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.സി.ആർ .മോഹനൻ | 1.4.16 മുതൽ 31.3.17 വരെ |
| മുനിസിപ്പൽ എൻജിനീയർ | ശ്രീ.ജീവൻ.പി. | 1.4.16മുതൽ 7.7.16 വരെ |
| | ശ്രീ.കെ.മുനവർ | 8.7.16 മുതൽ 31.3.17 വരെ |
| പട്ടികജാതിവികസന ഓഫീസർ | ശ്രീമതി.ജീന.സി | 1.4.16 മുതൽ 31.3.17 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ | ഡോ.സിന്ധു | 1.4.16 മുതൽ 31.3.17 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ഉഷ.കെ.കെ | 1.4.16 മുതൽ 6.7.16 വരെ |
| | ശ്രീമതി.റജീന.എം.വി | 7.7.16 മുതൽ 31.3.17 വരെ |
| വെറ്ററിനറി സർജൻ | ഡോ.അനിൽ | 1.4.16 മുതൽ 31.3.17 വരെ |
| കൃഷി ഓഫീസർ | ശ്രീ.അനിൽകുമാർ.വി. | 1.4.16 മുതൽ 31.7.17 വരെ |
| | ശ്രീമതി.സുമിന.റ്റി.എസ്. | 1.8.16മുതൽ 31.3.17 വരെ |
| പ്രിൻസിപ്പാൾ | ശ്രീമതി.കസ്തൂരിബായി ടീച്ചർ | 1.4.16 മുതൽ 20.1016 വരെ |
| | ശ്രീ.എ.കെ.കരുണാകരൻ | 21.10.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.അജയകുമാർ | 1.4.16 മുതൽ 31.3.17 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | പ്രജീഷ .പി.പി | 1.4.16 മുതൽ 31.3.17 വരെ |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ജംഷിദ് | 1.4.16 മുതൽ 14.7.16 വരെ |
| | ശ്രീമതി.ഗിരിജ.പി.വി | 15.7.16 മുതൽ 31.3.17 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ബഷീർ | 1.4.16 മുതൽ 31.3.17 വരെ |

ഉള്ളടക്കം


| | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ |

| | | |
|---|---|---|
| | | വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7. | ക്ഷേമപദ്ധതികൾ |
| 8 | 1-8 | തനത് വരുമാനം. തനത് വരുമാനം |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം,രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ് |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വർക്കിംഗ് ഗ്രൂപ്പ് സംഘാടനം കാര്യക്ഷമമല്ല. |
| 13 | 1-13. | വാർഡ്സഭാസംഘാടനം കാര്യക്ഷമമല്ല. |
| 14 | 2-1 | വാർഷികധനകാര്യപത്രിക സമർപ്പിച്ചതിലെ അപാകങ്ങൾ |
| 15 | 2-2 | തൊഴിൽനികുതി പിരിവ് അപാകങ്ങൾ |
| 16 | 2-3 | രശീത് പിരിവ് അപാകങ്ങൾ |
| 17 | 2-4 | കെട്ടിടങ്ങൾ വാടകക്ക് നൽകിയത്-വാടകപിരിവ് കാര്യക്ഷമമല്ല |
| 18 | 2-5 | മത്സ്യമൊത്തവിപണനകേന്ദ്രം പ്രവർത്തനക്ഷമമാക്കിയിട്ടില്ല |
| 19 | 2-6 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല |
| 20 | 2-7 | റിസോർട്ടുകൾക്ക് ലോഡ്ജിന്റെ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നു |
| 21 | 2-8 | റിസോർട്ടുകളിൽ അനധികൃതനിർമ്മാണം -വസ്തുനികുതി ഈടാക്കിയില്ല |
| 22 | 3-1 | സ്ട്രീറ്റ് ലൈറ്റ് റിപ്പയർ -പദ്ധതി നടപ്പാക്കിയതിൽ അപാകങ്ങൾ |
| 23 | 3-2 | പട്ടികവർഗ്ഗവൃദ്ധർക്ക് കട്ടിൽ വിതരണം -അപാകങ്ങൾ |
| 24 | 3-3 | വനിതകൾക്ക് സ്വയം തൊഴിൽ -പദ്ധതി നടപ്പായില്ല |
| 25 | 3-4 | എസ്.എസ്.എ.-കൈപ്പറ്റ് ചീട്ട് ഇല്ല-വിനിയോഗസാക്ഷ്യപത്രം ഇല്ല |
| 26 | 3-5 | ഭവനനിർമ്മാണപദ്ധതികൾ-രേഖകൾ ക്രമീകരിച്ച് സൂക്ഷിച്ചിട്ടില്ല |
| 27 | 3-6 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ- രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല |
| 28 | 3-7 | പൊതുമരാമത്ത് പ്രവൃത്തികൾ-അശാസ്ത്രീയമായ ആസൂത്രണവും നടപ്പാക്കലും |
| 29 | 3-8 | ടാർ,എമൽഷൻ എന്നിവ വാങ്ങൽ-മുൻകൂർ നൽകിയ തുക പൂർണ്ണമായി വിനിയോഗിച്ചില്ല |
| 30 | 3-9 | അംഗീകരിച്ച ചെലവിനെക്കാൾ അധികം തുക കൺവീനർക്ക് നൽകി |
| 31 | 3-10 | ടെണ്ടർ കുറവ് സ്വീകരിച്ചില്ല- |

| | | |
|---|---|---|
| 32 | 3-11 | മറ്റ് സ്ഥാപനത്തിൽ മുൻകൂർ നൽകി-പൂർത്തീകരിച്ചില്ല |
| 33 | 3-12 | ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തി-നിർമ്മാണസാമഗ്രികൾക്ക് വിൽപ്പനനികുതി അടച്ച ബിൽ ഇല്ല |
| 34 | 3-13 | ഗുണഭോക്തൃസമിതി പ്രവൃത്തി -മാനദണ്ഡങ്ങൾ പാലിക്കുന്നില്ല |
| 35 | 3-14 | സൈറ്റിൽ ലഭ്യമായമണ്ണിന്റെ നിരക്ക് കുറച്ചില്ല |
| 36 | 3-15 | നിർമ്മാണതൊഴിലാളിക്ഷേമനിധിവിഹിതം അടച്ച രേഖകൾ ലഭ്യമല്ല |
| 37 | 3-16 | ഭവനറിപ്പയർ -സബ്സിഡിമാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി |
| 38 | 3-17 | സ്വച്ഛഭാരത് മിഷൻ -പദ്ധതി പൂർത്തീകരിച്ചില്ല |
| 39 | 3-18 | സാക്ഷരതാ തുല്യത-പരീക്ഷചെലവുകൾ-അപാകതകൾ |
| 40 | 3-19 | പാൽ ഉൽപ്പാദകർക്ക് ബോണസ്-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല |
| 41 | 3-20 | ഹോംകോയിൽ തുക അടച്ച-മരുന്ന് ലഭിച്ചില്ല |
| 42 | 3-21 | ദർഘാസ് പരസ്യം -സർക്കാർ നിർദ്ദേശം പാലിച്ചില്ല |
| 43 | 3-22 | മുൻകൂർ ക്രമീകരിച്ചില്ല |
| 44 | 3-23 | കെ.എം.എസ്.സി.എല്ലിൽ നിന്ന് മരുന്ന് ലഭിക്കാൻ താമസം |
| 45 | 3-24 | ക്യാഷ്ബുക്ക് എഴുതുന്നതിൽ അപാകങ്ങൾ |
| 46 | 3-25 | ഫുൾടൈം കണ്ടിജന്റ് ജീവനക്കാർക്ക് യൂണിഫോം അലവൻസ് |
| 47 | 3-26 | തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കൽ-ആവശ്യകത നിർണ്ണയിച്ചിട്ടില്ല |
| 48 | 3-27 | സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. |
| 49 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 50 | 4-2. | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 51 | 4-3. | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 52 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 53 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 54 | 4-6. | ഓഡിറ്റ് റിക്കവറി |
| 55 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 56 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 57 | 4-9. | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 58 | | അനുബന്ധം -1 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 1.3.16 ലെ 01/2016 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.17 | 18.8.2017 | - | - |

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റ് വകുപ്പ് 9 പ്രകാരം ഒരു സാമ്പത്തികവർഷം അവസാനിച്ച് നാലു മാസത്തിനകം അക്കൌണ്ടുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. നിയമപ്രകാരം വാർഷിക കണക്കുകൾ സമർപ്പിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 78,54,921 |
| വരവ് | 13,38,74,051 |
| ആകെ | 14,17,28,972 |
| ചെലവ് | 128584444 |
| നീക്കിയിരിപ്പ് | 13144528 |

## 1-5 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം (വികസന ഫണ്ട്, സി.എഫ്.സി, ലോകബാങ്ക് വിഹിതം ഉൾപ്പെടെ) | 0 | 29746021 | 2974602 | 29746021 | 0 |
| വികസന ഫണ്ട് എസ്.സി.പി | 0 | 3370086 | 3370086 | 2498498 | 0 |
| വികസന ഫണ്ട് ടി.എസ്.പി | 0 | 7697318 | 7697318 | 7697318 | 0 |
| എം.ജി. നോൺ റോഡ് | 0 | 5741592 | 5741592 | 1621537 | 0 |
| എം.ജി. റോഡ് | 0 | 17518329 | 17518329 | 17518329 | 0 |
| ജനറൽ പർപ്പസ് | 1267500 | 14106508 | 15374008 | 3729970 | 0 |
| കേന്ദ്രാവിഷ്കൃത പദ്ധതി | 712645 | 7624768 | 8337413 | 5558048 | 2779365 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 617 | 260175486 | 344 | 28389961 | - | 273 | 56 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 65520 | 143 |
| കർഷകതൊഴിലാളി പെൻഷൻ | 4515970 | 528 |
| വിധവാപെൻഷൻ | 15169640 | 1589 |
| വാർദ്ധക്യകാലപെൻഷൻ | 20125485 | 2119 |
| വികലാംഗപെൻഷൻ | 3711890 | 442 |

## 1-8 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് /കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരുമാനം | 23964382 | 28844097 | 4879715 | 20 + |
| നികുതിയേതര വരുമാനം | 6031640 | 6336958 | 305318 | 5 + |
| മറ്റ് വരുമാനങ്ങൾ | 3636590 | 4532393 | 895803 | 19% |
| ആകെ | 33632612 | 35181057 | 1548445 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.9.2017ന് 1 pm മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 597120/- രൂപ (അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി നൂറ്റി ഇരുപത് രൂപാ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം,രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്

ഓഫീസ് മീറ്റിംഗുകൾ കൃത്യമായ ഇടവേളകളിൽ ചേരുന്നുണ്ട്. ഓഫീസ് ഓർഡർ നൽകുകയും ചെയ്യുന്നുണ്ട്.

പേഴ്സണൽ രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നുണ്ടെങ്കിലും അവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ല. തപാലുകൾ സെക്ഷനിലേക്ക് നൽകുന്നതിന്റെ തീർപ്പാക്കലുകൾ നിരീക്ഷിക്കാൻ കഴിയുന്നില്ല. മാസ്റ്റർ ഇൻകംബൻസി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, വസ്തു നികുതി അനുബന്ധ രജിസ്റ്ററുകൾ ,മറ്റ് വരവിനങ്ങൾ സംബന്ധിച്ച രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

നഗരസഭ ആയി മാറിയതിൽപ്പിന്നെ അക്കൌണ്ടന്റ് ജനറൽ ഓഡിറ്റും പെർഫോർമൻസ് ഓഡിറ്റും നടത്തിയിട്ടില്ല.

## 1-12 വർക്കിംഗ് ഗ്രൂപ്പ് സംഘാടനം കാര്യക്ഷമമല്ല.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണമാർഗ്ഗരേഖ ജി.ഒ (എം.എസ്) 4/2016 തീയതി 11.1.16 പ്രകാരം പങ്കാളിത്ത ആസൂത്രണത്തിൽ സമഗ്രവികസനം മുന്നിൽകണ്ട് ആസൂത്രണം ചെയ്യേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളിലാണ്. 15 വർക്കിംഗ് ഗ്രൂപ്പുകൾ നഗരസഭയിൽ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചെയ്യേണ്ട പല കാര്യങ്ങളും ചെയ്തിട്ടില്ല. തൻവർഷം ചേർന്ന യോഗത്തിൽ പ്രോജക്ടുകൾ സംബന്ധിച്ച ചർച്ചകൾ മാത്രമാണ് നടന്നത് .നടപ്പുപദ്ധതിപ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.പദ്ധതി നടത്തിപ്പ് മോണിട്ടർ ചെയ്തിട്ടില്ല. യോഗമിനുട്സ് പൂർത്തീകരിക്കുകയോ കൺവീനർ ഒപ്പുവെക്കുകയോ ചെയ്തിട്ടില്ല. ചില യോഗങ്ങളുടെ മിനിട്സിൽ പങ്കെടുത്തവരുടെ ഒപ്പുകൾ മാത്രം രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

ഉദാഹരണം

1.പൊതുമരാമത്ത് - യോഗതീയതി 3.5.17

2. നഗരാസൂത്രണം- യോഗതീയതി 3.5.17

3.കുടിവെള്ളം -യോഗതീയതി 3.5.17

4.സാമൂഹ്യക്ഷേമം -യോഗതീയതി 28.12.16

5.പാർപ്പിടം -യോഗതീയതി 29.12.16

പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും തയ്യാറാക്കുന്നതിലും നടപ്പാക്കുന്നതിലും മോണിട്ടർ ചെയ്യുന്നതിലും പ്രധാനപങ്കാളിത്തം വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ യഥാവിധി പ്രവർത്തിക്കേണ്ടതുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 വാർഡ്സഭാസംഘാടനം കാര്യക്ഷമമല്ല.

നഗരസഭയിലെ വാർഡ്സഭാമിനട്സുകൾ പരിശോധിച്ചതിൽ വാർഡ്സഭകൾ സംഘടിപ്പിക്കുന്നതിൽ ചില വീഴ്ചകൾ വന്നത് ശ്രദ്ധയിൽപ്പെട്ടു.

1994 ലെ കേരളമുനിസ്സിപ്പാലിറ്റി ആക്ട് വകുപ്പ് 42എ -പ്രകാരം മൂന്ന് മാസത്തിലൊരിക്കൽ വാർഡ്സഭായോഗങ്ങൾ വിളിച്ചുചേർക്കേണ്ടതാണ്. എന്നാൽ 2016-17 വർഷം ഓരോ വാർഡുകളിലും രണ്ട് വീതം വാർഡ് സഭകൾ മാത്രമാണ് സംഘടിപ്പിച്ചിട്ടുള്ളത്.

വാർഡ് 22-31.10.16 ,7.3.17

വാർഡ് 23 -3.11.16 ,11.3.17

വാർഡ് 10- 12.2.16 ,6.3.17

വാർഡ് 1 – 17.2.16, 5.3.17

വാർഡ് സഭായോഗങ്ങളിൽ ചെയ്യേണ്ട പല കാര്യങ്ങളും ചെയ്തതായിക്കാണുന്നില്ല. മുൻവർഷത്തെ വരവു ചെലവുകണക്കുകൾ അംഗീകരിക്കുന്നില്ല.ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയ്യുന്നില്ല. പദ്ധതിനടത്തിപ്പ് മോണിട്ടർ ചെയ്യുന്നില്ല. വാർഡിനെ സംബന്ധിച്ച മുൻവർഷത്തെ വികസനപരിപാടികളും നടപ്പുവർഷത്തിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന വികസന പരിപാടികളും അതിന് വേണ്ടിവരുന്ന ചെലവും മുൻവർഷത്തെ വാർഷിക കണക്കുകളുടെ സ്റ്റേറ്റ്മെന്റും കൺവീനർ വാർഡ് സഭമുൻപാകെ വെക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. സബ്കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല. വാർഡ്സഭകളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ.

2016-17 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. R.P.5 ൽ ടെണ്ടർ ഫോറം വിറ്റ തുക 480147 രൂപയുടെ വരവ് പരിശോധിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയില്ല.
2. ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേനയും സെക്രട്ടറി നേരിട്ടും നൽകിയ ടെണ്ടർ ഫോറം വിൽപ്പന വഴി ലഭിച്ച തുകയുടെ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
3. R.P.5 ൽ sale of forms 55130 രൂപയുടെ വരവ് പരിശോധിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയില്ല.
4. R.P.5 ൽ sale of scrap 7500 രൂപയുടെ വരവ് പരിശോധിക്കുന്നതിനുള്ള രേഖകൾ

ഹാജരാക്കിയില്ല.

5. ബാങ്ക് പലിശ ആയി R.P.8ൽ 572985 രൂപ വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ കൃത്യത പരിശോധിക്കുന്നതിന് ലഡ്ജർ അക്കൗണ്ട് ഹാജരാക്കിയിട്ടില്ല.
6. സ്ഥിരനിക്ഷേപം ബാങ്ക് പലിശ ആയി R.P.7ൽ 364959/- രൂപ വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
7. R.P.29ൽ 7383019 രൂപ സ്ഥിരനിക്ഷേപങ്ങൾ രേഖപ്പെടുത്തിയതിന്റെ എഫ്.ഡി. സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ഇൻവെസ്റ്റ് മെന്റ് രജിസ്റ്റർ എഴുതി പൂർത്തീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
8. R.P.25ൽ സെക്യോർഡ് ലോൺ 800000/- രൂപ വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ലോൺ രജിസ്റ്റർ എഴുതി പൂർത്തീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
9. വിവിധ നികുതി ,നികുതി ഇതര ഡിമാന്റ് രജിസ്റ്ററുകൾ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.( വസ്തു നികുതി, തൊഴിൽ നികുതി, ബിൽഡിംഗ് പെർമിറ്റ്, ബിൽഡിംഗ് റഗുലറൈസേഷൻ , കെട്ടിടവാടക തുടങ്ങിയ ഉൾപ്പടെ)
10. വിവിധ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കാതെയും കണക്കുകൾ തിട്ടപ്പെടുത്താതെയും വാർഷിക കണക്ക് പ്രകാരമുള്ള തുകകൾ എങ്ങനെ കണക്കാക്കി എന്ന് വ്യക്തമല്ല.
11. ഇ.ടെണ്ടർ ഫോറം വിൽപ്പന വഴി ലഭിച്ച തുകകൾ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിന്നും നഗരസഭാ അക്കൌണ്ടിലേക്ക് മാറ്റിയിട്ടില്ല.
12. രശിത് & പേമെൻറ് അക്കൗണ്ട് RP 4 ഫീസസ് & യൂസർ ചാർജസ് (മുനിസിപ്പലിറ്റിയുടെ വാർഷിക കണക്ക് പ്രകാരമുള്ളത്) എന്നിവയിലെ വിവിധ വരവ് രേഖപ്പെടുത്തിയത് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ല.
13. രശിത് & പേമെൻറ് അക്കൗണ്ട് RP 24 ( മുനിസിപ്പലിറ്റിയുടെ വാർഷിക കണക്ക് പ്രകാരമുള്ളത്) എന്നിവയിലെ വിവിധ വരവ് രേഖപ്പെടുത്തിയത് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ല.
14. സെക്രട്ടറി ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
15. ആസ്തി രജിസ്റ്റർ സർക്കാർ ഉത്തരവ് പ്രകാരം തയ്യാറാക്കി പൂർത്തിയാക്കിയിട്ടില്ല. തൻവർഷം നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന വിവിധ പ്രൊജക്റ്റുകളിലായി ഫർണിച്ചറുകൾ , കമ്പ്യൂട്ടറുകൾ തുടങ്ങി ധാരാളം സാധന സാമഗ്രികൾ വാങ്ങുന്നുണ്ട്. ഇവയൊന്നും പ്രൊക്വർമെന്റ് കമ്മിറ്റി തീരുമാനത്തിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. മാത്രമല്ല ഇത്തരത്തിൽ വാങ്ങുന്ന സാധനങ്ങൾ നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. സെക്രട്ടറി പൊതു നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ഇത്തരം വാങ്ങലുകൾ ഒന്നിച്ച് നടത്താത്തതും നഗരസഭയുടെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതും സംബന്ധിച്ച്

വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

16. ഇ.എം.എസ് ഭവന പദ്ധതി വായ്പ, നാളിതുവരെ കണക്കാക്കിയ പലിശ, പലിശയിനത്തിൽ നാളിതുവരെ സർക്കാർ ബാങ്കുകൾക്ക് നൽകിയ തുക ഇവ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.
17. ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.
18. പ്രത്യേകാവശ്യങ്ങൾക്ക് നൽകിയ തുക തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു(ഉദാ. ഐ.സി.ഡി.എസ്.)
19. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് A+B+C , വാർഷിക കണക്കിലെ മുൻബാക്കിയും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസവുമായി പൊരുത്തപ്പെടുന്നില്ല.
20. തനത് ഫണ്ടിൽ നീക്കിയിരിപ്പുള്ള തുകയുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കേണ്ടതാണ്.
21. നിർവ്വഹണ ഉദ്യോഗസ്ഥൻമാർ മുഖേന പിരിച്ചെടുക്കുന്ന വാറ്റ്/ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
22. പിരിഞ്ഞു കിട്ടാൻ സംശയാസ്പദമായ തുകകൾക്ക് ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
23. വസ്തു നികുതി മുൻവർഷങ്ങളിലെ അധിക ഡിമാന്റ് കാരണം പിരിച്ചെടുത്ത തുകകൾ ക്രമീകരിക്കുന്നതിന് ജേർണൽ എൻട്രി നടത്തിയതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.
24. 2015-16 വർഷത്തെ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല .
25. ഡെപ്പോസിറ്റ് വർക്കിന് അഡ്വാൻസ് നൽകിയ തുകകൾ ബാലൻസ് ഷീറ്റിൽ ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല.
26. മേൽ പറഞ്ഞ അപാകതകൾ കാരണം സുൽത്താൻ ബത്തേരി മുൻസിപ്പാലിറ്റിയുടെ വാർഷിക കണക്കുകൾ വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നുണ്ടെന്ന് അഭിപ്രായം രേഖപ്പെടുത്താൻ സാധിക്കുന്നില്ല.

ഈ വിഷയങ്ങൾ ഓഡിറ്റ് എൻക്വയറി നമ്പർ 32/15-16തീയതി 27/1/2017 പ്രകാരം നഗരസഭാ സെക്രട്ടറിയുടെ ശ്രദ്ധയിൽ പ്പെടുത്തിയെങ്കിലും മറുപടി സമർപ്പിച്ചിട്ടില്ല. ആയതിനാൽ നഗരസഭയുടെ വാർഷിക കണക്കുകൾ കൃത്യമാണോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

## 2-2 തൊഴിൽ നികുതി പിരിവ്-രേഖകൾ ലഭ്യമാക്കിയിട്ടില്ല.

1.രേഖകൾ പൂർണ്ണമായും ലഭ്യമല്ല

2016-17 സാമ്പത്തിക വർഷം വാർഷിക കണക്ക് പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിൽ ഡിമാന്റ് തുക 70,02,720/- രൂപയാണ്. വരവ് 69,22,220/- രൂപയുമാണ് വ്യത്യാസം 80500/- ഉണ്ടായിരുന്നിട്ടും ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടില്ല.

വാർഷിക കണക്ക് പ്രകാരം കച്ചവടക്കാരുടെ/സ്ഥാപന നികുതി/ പ്രൊഫഷ ണൽ എന്നവരുടെ തൊഴിൽ നികുതിയിനത്തിൽ ഡിമാന്റ് തുകയും വരവും 17,42,430/-രൂപയാണ്. കുടിശ്ശികയിനത്തൽ വരവ് 23,350/- രൂപയുമാണ്

എന്നാൽ ജീവനക്കാരുടെ തൊഴിൽനികുതിയുടെ ഒന്നാം അർദ്ധവർഷത്തെ റിട്ടേൺസും അവ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതുമാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. തൊഴിൽ നികുതി രേഖകൾ എഴുതി പൂർത്തികരിച്ച് സംക്ഷിതം സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2.സ്ഥാപന രജിസ്റ്റർ,ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ സൂക്ഷിച്ചിട്ടില്ല

3. 2005 ലെ കേരള മുൻസ്സിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 9 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരർദ്ധവർഷം തൊഴിൽ നികുതി കൊടുക്കുന്നതിന് ബധ്യസ്ഥനൊ, ബാധ്യസ്ഥരോ ആണെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം അങ്ങനെയുള്ള കമ്പനിയോട്/ആളോട് തുടർന്നുള്ള അർദ്ധവർഷത്തിൽ ഫോറം VI ലുള്ള നോട്ടീസ് പ്രകാരം 15 ദിവസത്തിനുള്ളിൽ റിട്ടേൺ സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏത് ആദായത്തിന്റെ അടിസ്ഥാനത്തിലാണ് അങ്ങനെയുള്ള അർദ്ധവർഷത്തേക്ക് നിർണ്ണയത്തിന് ബാധ്യതപ്പെട്ടിരിക്കുന്നുവെന്ന് കാണിക്കുന്ന ഒരു നോട്ടീസ് നടത്തിയിരിക്കേണ്ടതാണ് അതുപോലെത്തന്നെ മേൽ ചട്ടങ്ങളിൽ ചട്ടം 6 പ്രകാരം നോട്ടീസ് മൂലം സെക്രട്ടറിയ്ക്ക് തൊഴിലുടമയോട് സ്ഥാപനത്തിൽ ജോലിചെയ്യുന്ന എല്ലാവരുടേയും പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റ്, വരുമാനത്തെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സഹിതം നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതാണ്.

സെക്രട്ടറിക്കുള്ള അധികാരങ്ങൾ ഉപയോഗിച്ച് നഗരസഭ പരിധിയിൽ പ്രവർത്തിച്ച് വരുന്ന എല്ലാ സ്ഥാപനങ്ങളടക്കമുള്ളവയ്ക്ക് നോട്ടീസ് കൊടുത്തതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

4. ചട്ടം 5 പ്രകാരം തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തേയോ ശമ്പളത്തേയോ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെടുന്നതിനായി ഒരർദ്ധവർഷത്തെ തൊഴിൽനികുതി നിർണ്ണയത്തിന് അർഹമായ കാലം കഴിഞ്ഞാലുടൻ സെക്രട്ടറി I ാം നമ്പർ ഫോറത്തിൽ ആഫീസ് തലവനോടോ തൊഴിലുടമയോടോ ജോലിയിലുള്ള ആളുകളുടെ ആകെയുള്ള ശമ്പളത്തേയോ വരുമാനത്തെയോ സംബന്ധിച്ച വിവരങ്ങൾ പതിനഞ്ച് ദിവസത്തിനുള്ളിൽ II ാം നമ്പർ ഫോറത്തിൽ സമർപ്പിക്കുവാൻ ആവശ്യപ്പെടേണ്ടതാണ്. അപാകതകൾ ചൂണ്ടികാണിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ-36/16-17/26.9.2017 നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് സമയബന്ധിതമായി മറുപടി ലഭ്യമാക്കേണ്ടതും രേഖകൾ പൂർത്തികരിച്ച് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 2-3 രസീത് ബുക്ക് ഉപയോഗിച്ചുള്ള പണം പിരിവിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിൽ മുട്ട കോഴി വിതരണം പദ്ധതിയ്ക്കായി ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിനായി വെറ്ററിനറി സർജന് നഗരസഭ സെക്രട്ടറി അനുവദിച്ച രസീത് ബുക്ക് 42 ലെ 4143 നമ്പർ രസീത് പ്രകാരം പിരച്ചെടുത്ത 135/-രൂപയും,രസീത് ബുക്ക് 47 ലെ 4684 നമ്പർ രസീത് പ്രകാരം പി.ജെ ഏലിയാമ്മ ,4685 രസീത് പ്രകാരം നസീമ സമദ് എന്നിവരിൽ നിന്ന് പിരച്ചെടുത്ത 215/-രൂപവീതം 430/-രൂപയും ആകെ 565/-രൂപ മുൻസ്സിപ്പൽ ഫണ്ടിൽ അടവാക്കിയിട്ടില്ല.കൂടാതെ വെറ്ററിനറി സർജ്ജന് അനുവദിച്ച രസീതു ബുക്കുകൾ പ്രകാരം പിരിച്ചെടുത്ത തുകകകൾ ഔട്ട് ഡോർ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത് ക്രമ പ്രകാരമല്ല. ഒരു രസീത് ബുക്ക് പൂർണ്ണമായും ഉപയോഗിച്ചതിന് ശേഷമാണ് അടുത്ത രസീത് ബുക്ക് ഉപയോഗിക്കേണ്ടത് എന്നാൽ ഒരേ സമയം ഒന്നിലേറെ രസീത് ബുക്കുകൾ ഉപയോഗിച്ചിരിക്കുന്നു.അപാകതകൾ ചൂണ്ടികാണിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ- 41/16-17/27.9.2017 നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 2-4 കെട്ടിടങ്ങൾ വാടകക്ക് നൽകിയത് -വാടകപിരിവ് - കാര്യക്ഷമമല്ല.

2016-17 വർഷത്തെ വാടക പിരിവിലെ അപാകതകൾ താഴെ പറയുന്നു.

1.നഗരസഭയുടെ ഉടമസ്ഥതയിൽ എത്ര റൂമുകൾ ഉണ്ടെന്നോ, എത്ര റൂമുകൾ വാടകക്ക് നൽകുന്നുവെന്നോ വാടക പിരിക്കുന്നുവെന്നോ ഉള്ള വിവരങ്ങൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. നഗരസഭയുടെ ഉടമസ്ഥതയിൽ ഉള്ള വാടകക്ക് നൽകാവുന്ന റൂമുകളുടെ ലിസ്റ്റ് തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി പ്രകാരം 172 റൂമുകൾ ഉള്ളതിനാൽ 150 റൂമുകൾ വാടകക്ക് നൽകിയിട്ടുള്ളത്. മുറികൾ മുഴവൻ വാടകയ്ക്ക് നൽകാത്തതിന് കൃത്യമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

2. 2016-17 വർഷം കെട്ടിടവാടകയിനത്തിൽ എത്ര രൂപ പിരിച്ചെടുത്തുവെന്നോ ,എത്ര പിരിച്ചെടുക്കാൻ ബാക്കിയുണ്ടെന്നോ ഉള്ള വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല.കെട്ടിടവാടക ഡിമാന്റ് രജിസ്റ്റർ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല..

3. 2016-17 വർഷം റൂമുകൾ വാടകക്ക് നൽകിയപ്പോൾ എല്ലാ വാടകക്കാരുമായി കരാർ വെച്ചിട്ടില്ല.

4. 31.3.16 വരെ വാടകകുടിശ്ശിക 2876441/- രൂപ പിരിച്ചെടുക്കുവാൻ ബാക്കിയുണ്ടായിരുന്നതിൽ 2016-17 വർഷം 460830/- മാത്രമാണ് പിരിച്ചെടുത്തത് . രജിസ്റ്റർ പ്രകാരം 2415611/- രൂപ 2015-16 വർഷം വരെയുള്ള കുടിശ്ശികയിനത്തിൽ ഇനിയും പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.വർഷം തിരിച്ച കണക്കുകൾ ഇപ്രകാരമാണ്.

| ക്രമനമ്പർ | വർഷം | പിരിച്ചെടുക്കാൻ ബാക്കിയുള്ള തുക |
|---|---|---|
| 1 | 1985-86 | 593 |

| | | |
|---|---|---|
| 2 | 1986-87 | 4800 |
| 3 | 1987-88 | 904 |
| 4 | 1989-90 | 12753 |
| 5 | 1990-91 | 11540 |
| 6 | 1991-92 | 16891 |
| 7 | 1992-93 | 61334 |
| 8 | 1993-94 | 36536 |
| 9 | 1994-95 | 450 |
| 10 | 1996-97 | 1060 |
| 11 | 1997-98 | 20724 |
| 12 | 1998-99 | 355757 |
| 13 | 1999-2000 | 70724 |
| 14 | 2000-2001 | 166116 |
| 15 | 2001-02 | 293558 |
| 16 | 2002-03 | 112420 |
| 17 | 2003-04 | 454157 |
| 18 | 2004-05 | 290705 |
| 19 | 2005-06 | 52152 |
| 20 | 2006-07 | 69000 |
| 21 | 2007-08 | 23571 |
| 22 | 2008-09 | 11479 |
| 23 | 2010-11 | 10743 |
| 24 | 2011-12 | 87130 |
| 24 | 2014-15 | 28399 |
| 25 | 2015-16 | 222115 |
| | ആകെ | 2415611 |

എന്നാൽ ഈ കണക്കുകൾ ശരിയാണോ എന്ന് വ്യക്തമല്ല.കണക്കുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5.റൂം നമ്പർ 2, മുൻവർഷം പ്രതിമാസം 8500 രൂപ നിരക്കിൽ വാടകക്ക് നൽകിയത് 2016-17 വർഷം വാടകക്ക് നൽകിയിട്ടില്ല.സപ്ലൈകോ മാവേലി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് റൂം വിട്ടുനൽകാൻ 7.12.2016 ലെ 5(11) നമ്പർ തീരുമാന പ്രകാരം തീരുമാനമെടുത്തു. എന്നാൽ തീരുമാനം നടപ്പാക്കിയിട്ടില്ല.ഓഡിറ്റ് എൻക്വയറി നമ്പർ 34/23.9.17 പ്രകാരം ഈ വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിന് ശേഷം മറുപടി നൽകുമെന്നാണ് അറിയിച്ചത്. വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

6. 113,115,125,131,138,140,142,143,171,172 എന്നീ റൂമുകൾ വാടകക്ക് നൽകിയിട്ടില്ല.

ഏതാനും കെട്ടിടങ്ങൾ 26.9.17 ന് പരിശോധിച്ചതിൽ കണ്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

Room no.113,115,Room no125,Room no131,138,Room no140,Room no 142,143,Room no171,172,Room no 159,170 എന്നിവ പൂട്ടിക്കിടക്കുന്നു.ഈ റൂമുകളിൽ അടിസ്ഥാന സൌകര്യം ഒരുക്കിയിട്ടില്ല.അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ റൂമുകൾ നാശോന്മുഖമായ അവസ്ഥയിലാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 34/23.9.17 പ്രകാരം ഈ വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടി ഇപ്രകാരമാണ്.

“റൂം നമ്പർ115 ലേലം ചെയ്തുനൽകാൻ അടിസ്ഥാനസൌകര്യങ്ങളില്ല.റൂം നമ്പർ 125 അടിസ്ഥാനസൌകര്യങ്ങളില്ലാത്തതിനാൽ വാടകക്കാർ ഉപേക്ഷിച്ചുപോയി. റൂം നമ്പർ 131,138 രജിസ്റ്ററിൽ കേസ് എന്നെഴുതി, എന്താണെന്ന് അറിയില്ല.റൂം നമ്പർ 140 സെക്രട്ടറി സുൽത്താൻ ബത്തേരി നഗരസഭയുടെ ഉടമസ്ഥതയിൽ കാണപ്പെടുന്നു.കാരണം വ്യക്തമല്ല .142 ,143 എന്നീ റൂമുകൾ, മാനിക്കുനി മാർക്കറ്റ് പൊളിക്കുമ്പോൾ വാടകക്കാർക്ക് പുനരധിവാസത്തിന് ചെയർമാന്റെ നിർദ്ദേശപ്രകാരം മാറ്റിവെച്ചു.”

അടിസ്ഥാന സൗകര്യങ്ങളില്ലാത്തതിനാലാണ് റൂമുകൾ വാടകയ്ക്ക് നൽകാത്തതെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. കേസ് എന്നപേരിൽ ഒഴിവാക്കിയ റൂമുകളുടെ കേസ് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

7. 114 നമ്പർ റൂമിന്റെ വാടക ഈടാക്കിയിട്ടില്ല. വാടകക്കാർക്ക് നോട്ടീസ് അയച്ചിട്ടുണ്ട് എന്നാണറിയിച്ചത്.

8.നഗരസഭയുടെ റൂമുകൾ കൈവശം വെച്ചിരിക്കുന്ന കച്ചവടക്കാർ ഡി &ഒ ലൈസൻസ് എടുത്തിട്ടില്ല.

9.യാത്രിനിവാസ് ലേലത്തിൽ നൽകിയതിൽ 97000 രൂപ കുടിശ്ശിക വരുത്തിയത് ഈടാക്കാൻ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. നിയമനടപടികൾ സ്വീകരിക്കുന്നു എന്നാണറിയിച്ചത്.

മേൽ അപാകതകൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റിനെ അറിയിക്കേണ്ടതും നഗരസഭയുടെ വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ പ്ലാൻ ഹാജരാക്കേണ്ടതുമാണ്.

## 2-5 മത്സ്യമൊത്തവിപണനകേന്ദ്രം-പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

സുൽത്താൻ ബത്തേരി നഗരസഭയിൽ ചുങ്കം ബസ്സ്റ്റാൻഡിനോട് ചേർന്ന് ആധുനിക രീതിയിലുള്ള മത്സ്യമൊത്ത വിപണനകേന്ദ്രം പണിയുന്നതിന് 190 ലക്ഷം രൂപയുടെ പദ്ധതിക്ക് N.F.D.B അംഗീകാരം നൽകുകയും ആകെ നിർമ്മാണ ചെലവിന്റെ 90% ആയ 171 ലക്ഷം രൂപ N.F.D.B യും 10% തുക ഗ്രാമപഞ്ചായത്ത് (ഇപ്പോൾ നഗരസഭ) വഹിക്കുകയും ചെയ്തു. ഗ്രാമപഞ്ചായത്ത് ഇതിനു വേണ്ടി എത്ര തുക ചെലവഴിച്ചു എന്ന വിവരം ഓഡിറ്റിന് ഹാജരാക്കിയില്ല. 26.7.15 ന് നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടം നാളിതുവരെയും പ്രവർത്തനക്ഷമമാക്കിയിട്ടില്ല എന്ന് കണ്ടു. 6.2.15 ന് കെട്ടിടം ഉദ്ഘാടനം നടത്തിയിട്ടുണ്ട്. കെട്ടിടം ഉപയോഗക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കെട്ടിടത്തിന് വേണ്ടി ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി - 37/16-17 /27.9.17 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും നഗരസഭ മറുപടി നൽകിയിട്ടില്ല. തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

സുൽത്താൻ ബത്തേരി മുൻസിപ്പാലിറ്റിയിൽ 2016-2017 കാലയളവിൽ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ എഴുതി പൂർത്തിയാക്കി സൂക്ഷിച്ചിട്ടില്ല. പെർമിറ്റ് കൊടുത്തതിൻെറ വിവരം വേറെ ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. ബിൽഡിംഗ് പെർമിറ്റ് ആപ്ലിക്കേഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ, അപേക്ഷകൾ എപ്പോൾ തീർപ്പാക്കി എന്നതുൾപ്പെടെയുള്ള വിവരം ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ബിൽഡിംഗ് പെർമിറ്റ് ഫീസിന്റെ സംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്കുമായി ഒത്തു നോക്കാൻ സാധിച്ചിട്ടില്ല. രജിസ്റ്ററുകൾ എഴുതി പൂർത്തിയാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-7 ലോഡ്ജിന്റെ നിരക്കിൽ റിസോർട്ടുകൾക്ക് വസ്തുനികുതി ഈടാക്കുന്നു

സുൽത്താൻ ബത്തേരിയിലെ Le Coffee റിസോർട്ടിനെ ലോഡ്ജ് ആയി പരിഗണിച്ചാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ 28/09/2017 ന് നടത്തിയ സംയുക്ത സ്ഥല പരിശോധനയിൽ സ്ഥാപനം റിസോർട്ടാണ് എന്ന് ഓഡിറ്റിന് ബോദ്ധ്യപ്പെട്ടു. സ്ഥലപരിശോധനയിൽ പ്രസ്തുത സ്ഥാപനത്തിന്റെ പേര് പ്രദർശിപ്പിച്ചിട്ടുള്ളത് Le Coffee Resort എന്നാണെന്ന് കാണുകയുണ്ടായി . കൂടാതെ നമ്പറിങ്ങിനായി മുൻസിപ്പാലിറ്റിയിൽ സമർപ്പിച്ച പൂർത്തീകരണ പ്ലാനിൽ കംപ്ലീറ്റഡ്

റിസോർട്ട് ഹോട്ടൽ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതും കേരളസംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിന്റെ അനുമതിപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടത്തിന്റെ അടിസ്ഥാനത്തിൽ സുൽത്താൻ ബത്തേരി മുൻസിപ്പാലിറ്റി 02/01/2011-ാം തീയ്യതിയിലെ 2(1) നമ്പർ ഭരണ സമിതി തീരുമാന പ്രകാരം ( ഫയൽ നം. എ6-9223/11 തിയ്യതി 02.01.2012 ) റിസോർട്ടുകളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 85/- രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്.

പ്രസ്തുത കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയത്തിനായി 85/- രൂപയ്ക്കു പകരം 30/-രൂപയാണ് അടിസ്ഥാന വസ്തുനികുതിക്കായി കണക്കിലെടുത്തിട്ടുള്ളത്. കെട്ടിടങ്ങളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

കെട്ടിട ഉടമ - മനോജ് പീറ്റർ & രാജേഷ് പീറ്റർ, കുരീത്താടം.

കെട്ടിട പെർമിറ്റ് നം ബി.എ 243/2012 തിയ്യതി 19.09.12. തറവിസ്തീർണ്ണം- 2404.89 ച.മീ. റീ .സർവ്വേ നം.634/1.

05.11.2014 ലെ പൂർത്തീകരണ പ്ലാൻ പ്രകാരം തറവിസ്തീർണ്ണം-2797 ച.മീ

1) ഹോട്ടൽ റൂം ബ്ലോക്ക് 1- 812.7 ച.മീ (ഭൂനിരപ്പ് നില) + 800.36 ച.മീ(ഒന്നാം നില) = 1613 ച.മീ

2) ഹോട്ടൽ റൂം ബ്ലോക്ക് 2- 445.67 ച.മീ (ഭൂനിരപ്പ് നില) + 303.01 ച.മീ(ഒന്നാം നില) = 749 ച.മീ

3) ഹെൽത്ത് ക്ലബ്ബ് - 104.41 ച.മീ(ഭൂനിരപ്പ് നില)

4) ബെഡ് വില്ല ബ്ലോക്ക് 112.89 ച.മീ(ഭൂനിരപ്പ് നില) + 93.94ച.മീ (ഒന്നാം നില) = 207 ച.മീ

5) റിസപ്ഷൻ ബ്ലോക്ക് - 123.91 ച.മീ(ഭൂനിരപ്പ് നില)

ആകെ-2797 ച.മീ

മേൽ കെട്ടിടങ്ങളെ ലോഡ്ജായി പരിഗണിച്ച് യഥാക്രമം 5/823 C മുതൽ 5/823 Hവരെയാണ് നമ്പർ നല്കിയിട്ടുള്ളത്. 127107/- രൂപയാണ് വസ്തു നികുതി കണക്കാക്കിയിരിക്കുന്നത്. (ലൈബ്രറി സെസ്സ് അടക്കം)

എന്നാൽ, പൂർത്തീകരണ പ്ലാൻ പ്രകാരം ഇദ്ദേഹത്തിന്റെ കെട്ടിടങ്ങൾക്ക് യഥാർത്ഥത്തിൽ ഈടാക്കേണ്ട വസ്തുനികുതി ഇപ്രകാരമാണ്.

ഭൂനിരപ്പ് നിലയുടെ തറ വിസ്തീർണ്ണം - 1600 m2 ,

ഉപയോഗക്രമം -റിസോർട്ട്, അടിസ്ഥാന നിരക്ക് - 85/-

ഈടാക്കേണ്ട വസ്തുനികുതി - 1600 x 85 = 136000

വർദ്ധനവ് (വഴി സൗകര്യം) 20 % = 27200

വസ്തു നികുതി = 163200/- രൂപ

ലൈബ്രറി സെസ് 5% = 8160/- രൂപ

ഒന്നാം നിലയുടെ തറ വിസ്തീർണ്ണം - 1197 m2 ,

ഉപയോഗക്രമം -റിസോർട്ട്, അടിസ്ഥാന നിരക്ക് - 85/-

ഈടാക്കേണ്ട വസ്തുനികുതി - 1197 x 85 = 101745

വർദ്ധനവ് (വഴി സൗകര്യം) 20 % = 20349

ഇളവ് -5 %.(നില) = 5007

വസ്തു നികുതി = 117087/- രൂപ

ലൈബ്രറി സെസ് 5%= 5854/- രൂപ

രണ്ട് നിലയും കൂടി മൊത്തം പിരിക്കേണ്ടിയിരുന്ന വസ്തു നികുതി :294301/- രൂപ (ലൈബ്രറി സെസ് സഹിതം) വസ്തു നികുതി അടച്ചതിൽ 167194/- രൂപ കുറവ് വന്നിട്ടുണ്ട്. 110 ച.മീ -ഓളം വിസ്തീർണ്ണം തോന്നുന്ന നീന്തൽ കുളം സ്ഥല പരിശോധനയിൽ വസ്തു നികുതി അടക്കാത്തതായും പെർമിറ്റ് എടുക്കാത്തതായും കണ്ടെത്തിയിട്ടുണ്ട്. 27/09/2017 -ലെ 38/16-17 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് നഗരസഭ മറുപടി നൽകിയിട്ടില്ല.

മേൽ സൂചിപ്പിച്ച രീതിയിൽ മുൻസിപ്പാലിറ്റിക്ക് നഷ്ടം സംഭവിച്ചത് അന്വേഷണം നടത്തി നഷ്ടം തിട്ടപ്പെടുത്തി ഈടാക്കി അറിയിക്കേണ്ടതാണ്. സമാനമായ രീതിയിൽ മുൻസിപ്പാലിറ്റിക്ക് കൂടുതൽ സ്ഥാപനങ്ങളിൽ നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്നും പരിശോധിച്ച് അറിയിക്കേണ്ടതാണ്.

## 2-8 റിസോർട്ടുകളിൽ - അനധികൃത നിർമ്മാണം - വസ്തുനികുതി ഈടാക്കിയിട്ടില്ല.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും)ചട്ടത്തിന്റെ അടിസ്ഥാനത്തിലുള്ള സുൽത്താൻ ബത്തേരി മുൻസിപ്പാലിറ്റിയുടെ 02/01/2011-ാം തീയ്യതിയിലെ 2(1) നമ്പർ ഭരണ സമിതി തീരുമാന പ്രകാരം( ഫയൽ നം. എ6-9223/11 തിയ്യതി 02.01.2012 ) റിസോർട്ടുകളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 85 /- രൂപയാണ്. 28/09/2017 ന് ഓഡിറ്റ് നടത്തിയ സംയുക്ത സ്ഥല

പരിശോധനയിൽ കേദാര വില്ലേജ് എന്ന റിസോർട്ടിലെ രണ്ട് കോട്ടേജിന് രണ്ട് നമ്പർ നൽകി രണ്ട് സ്ഥാപനമായാണ് വസ്തു നികുതി ചുമത്തിയിരിക്കുന്നത് എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. നാഗരാജൻ നാരായണ സ്വാമി എന്നയാളുടെ പേരിലുള്ള 57.91 ച.മീ കോട്ടേജിനും (കെട്ടിട നമ്പർ : 10/640 H) വിൻസെന്റ് സേവ്യർ എന്നയാളുടെ പേരിലുള്ള 57.91 ച.മീ കോട്ടേജിനും ( കെട്ടിട നമ്പർ : 10/640 G) ചതുരശ്രമീറ്ററിന് 85 /- രൂപ വെച്ച് വസ്തു നികുതി ചുമത്തിയിട്ടുണ്ട്. രണ്ട് കോട്ടേജുകളും കേദാര വില്ലേജ് എന്ന റിസോർട്ടിന്റെ ഭാഗമാണ്. എന്നാൽ, സ്ഥലപരിശോധനയിൽ ഈ റിസോർട്ടിൽ നമ്പറിട്ട മേൽ കോട്ടേജുകൾ കൂടാതെ മറ്റ് അനധികൃത നിർമ്മാണങ്ങളും കാണുകയുണ്ടായി. ഒരു നിലയുള്ള രണ്ട് കോട്ടേജിനാണ് നമ്പർ നൽകിയിരിക്കുന്നത്. അനധികൃതമായി നിർമ്മിച്ചത് അനുമതി നൽകിയതിലും വലിയ കെട്ടിടങ്ങളാണ്. വിശദ വിവരം താഴെ കൊടുക്കുന്നു.

1) കോട്ടേജുകൾ - 2 എണ്ണം (ഭൂ നിരപ്പ് നില മാത്രം)

2) ഹാൾ - 1 എണ്ണം (ഭൂ നിരപ്പ് നില മാത്രം)

3) ഏറു മാടം - 1 എണ്ണം (ഒന്നാം നില )

4) കോട്ടേജ്- 1 എണ്ണം (ഭൂ നിരപ്പ് നില , ഭൂ നിരപ്പിനു താഴെ ഒരു നില)

5) കെട്ടിടം - 1 എണ്ണം (ഭൂ നിരപ്പ് നില + ഒന്നാം നില )

മേൽ കൊടുത്തിരിക്കുന്ന കെട്ടിടങ്ങൾ പെർമിറ്റ് എടുക്കുകയോ, നമ്പർ ഇടുകയോ ചെയ്തിട്ടില്ല. പെർമിറ്റ് ഇല്ലാതെ കെട്ടിടങ്ങൾ നിർമിച്ചിരിക്കുന്നത് ഗുരുതരമായ നിയമ ലംഘനമാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 39/16-17, 27/9/2017 ന് നഗരസഭ മറുപടി നൽകിയിട്ടില്ല. നിയമ ലംഘനത്തിനെതിരെ നടപടികൾ സ്വീകരിച്ചും മേൽ സൂചിപ്പിച്ച രീതിയിൽ മുൻസിപ്പാലിറ്റിക്ക് നഷ്ടം സംഭവിച്ചത് അന്വേഷണം നടത്തി നഷ്ടം തിട്ടപ്പെടുത്തി ഈടാക്കിയും അറിയിക്കേണ്ടതുമാണ്. സമാനമായ രീതിയിൽ മുൻസിപ്പാലിറ്റിക്ക് മറ്റ് സ്ഥാപനങ്ങളിൽ നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്നും പരിശോധിച്ച് അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സ്ട്രീറ്റ് ലൈറ്റ് റിപ്പയർ -പദ്ധതി നടപ്പാക്കിയതിൽ അപാകങ്ങൾ

2016-17 വർഷം നടപ്പാക്കിയ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ പ്രവൃത്തി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

1. പ്രോജക്ട് നമ്പർ-228/17

പ്രോജക്ട്- സ്ട്രീറ്റ് ലൈറ്റ് റിപ്പയർ

അടങ്കൽ-750000

ഫണ്ട്- തനതുഫണ്ട്

ചെലവഴിച്ച തുക-570518

ഡി.ഡി.നമ്പർ-673009252 /17.2.17

വിവിധവാർഡുകളിലെ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ചെയ്യുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. ഒരു സ്ട്രീറ്റ് ലൈറ്റ് 3 തവണ റിപ്പയർ ചെയ്യുന്നതിനാണ് ടെണ്ടർ ക്ഷണിച്ചത്.പദ്ധതി നടപ്പാക്കിയതിൽ താഴെപ്പറയുന്ന അപാകങ്ങൾ വന്നിട്ടുണ്ട്.

1. നഗരസഭയിൽ എത്ര തെരുവുവിളക്കുകൾ ഉണ്ടെന്നോ, എവിടെയൊക്കെയാണെന്നോ, എത്രയെണ്ണം റിപ്പയർ ആവശ്യമുണ്ടെന്നോ, ഏതൊക്കെ തരം റിപ്പയർ ആവശ്യമുണ്ടെന്നോ ഉള്ള വിവരങ്ങൾ തയ്യാറാക്കാതെയാണ് പ്രോജക്ട് തയ്യാറാക്കിയത്.
2. പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി. യുടെ അനുവാദം വാങ്ങിയിട്ടില്ല.
3. വിളക്കുകൾ നന്നാക്കിയത് സംബന്ധിച്ച് കെ.എസ്.ഇ.ബിയുടെ സാക്ഷ്യപത്രം വാങ്ങിയിട്ടില്ല.
4. ടെണ്ടറിൽ നന്നാക്കാനുള്ള സാധനങ്ങൾ നഗരസഭ നൽകുമെന്നും ഒരു സ്ട്രീറ്റ് ലൈറ്റ് 3 തവണ റിപ്പയർ ചെയ്യുന്നതിന് ലേബർ ചാർജ്ജ് മാത്രം ക്വോട്ട് ചെയ്യുന്നതിനുമാണ് പറഞ്ഞിരുന്നത്. എന്നാൽ ഏതൊക്കെ സാധനങ്ങൾ വാങ്ങണമെന്ന് കണക്കാക്കുകയോ ടെണ്ടർ വിളിക്കുകയോ ചെയ്തിട്ടില്ല. ഒരു സ്ട്രീറ്റ് ലൈറ്റ് 3 തവണ റിപ്പയർ ചെയ്യണം എന്ന് നിശ്ചയിച്ചതിൻെറ മാനദണ്ഡം വ്യക്തമല്ല.
5. ടെണ്ടർ കൂടാതെ കിംഗ്സ് ഇലക്ട്രിക്കൽസിൽ നിന്ന് 410706 രൂപയുടെ സാധനങ്ങൾ വാങ്ങിയതിനും 165575 രൂപ ലേബർ ചാർജ്ജ് നൽകുന്നതിനും 5763 രൂപ ആദായനികുതി അടക്കുന്നതിനുമാണ് പിൻവലിച്ചത്. ആദായനികുതി അടച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. കിംഗ്സ് ഇലക്ട്രിക്കൽസിൽ നിന്ന് 410706 രൂപക്ക് വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ ചേർത്തിട്ടില്ല. വാങ്ങിയ സാധനങ്ങൾ എവിടെയൊക്കെ ഉപയോഗിച്ചുവെന്നോ , എന്നുപയോഗിച്ചുവെന്നോ വിവരങ്ങൾ ഫയലിൽ ഇല്ല.
    1. ഏതൊക്കെ ബൾബുകൾ എത്ര പ്രാവശ്യം നന്നാക്കിയെന്ന വിവരങ്ങൾ ഫയലിൽ ഇല്ല.895 സ്ട്രീറ്റ് ലൈറ്റുകൾ റിപ്പയർ ചെയ്തതായി ഡിവിഷൻ മെമ്പർ മാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

    ഓഡിറ്റ് എൻക്വയറി നമ്പർ - 22/16-17/14.6.2017 പ്രകാരം അപാകതകൾ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി നൽകിയില്ല. ജി.ഒ.പി 259/2010/തസ്വഭവ. തിയ്യതി 8/11/2010 പ്രകാരം ഒരു ലക്ഷം തുകയിൽ കൂടുതൽ മതിപ്പുവില വരുന്ന

വാങ്ങലുകൾ ഓപ്പൺ ടെണ്ടറിംഗ് മുഖേനയാണ് നടത്തേണ്ടത്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വാങ്ങലുകൾ നടത്തുന്നത് നഗരസഭ ഫണ്ടിൻെറ ദുർവിനിയോഗമാണ്. അതിനാൽ 570518 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 പട്ടികവർഗ്ഗ വൃദ്ധർക്ക് കട്ടിൽ വിതരണം - രേഖകൾ ഹാജരാക്കിയില്ല.

2016-17 വർഷം മുനിസിപ്പൽ സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ വന്നിട്ടുണ്ട്.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

പ്രോജക്ട് നമ്പർ-693/17

പ്രോജക്ട്-പട്ടികവർഗ്ഗ വൃദ്ധർക്ക് കട്ടിൽ വിതരണം

ഫണ്ട് -വികസനഫണ്ട്

ചെലവഴിച്ച തുക-399000

ട്രഷറി ബിൽ/ തീയതി -42/31.3.17-399000

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വൃദ്ധർക്ക് വിതരണം ചെയ്യുന്നതിന് ടെണ്ടർ പ്രകാരം 114 കട്ടിലുകൾ വാങ്ങി.വാങ്ങിയ കട്ടിലുകൾ സ്റ്റോക്കിൽ ചേർത്തിട്ടില്ല. ഫയലിൽ ഗുണഭോക്തൃലിസ്റ്റ് ഇല്ല. 64 കട്ടിലുകൾ വിതരണം ചെയ്ത വിവരങ്ങൾ മാത്രമാണ് ഫയലിൽ ഉള്ളത്. ഇവ തന്നെ കൌൺസിലർമാർ കൈപ്പറ്റിയതായിട്ടാണ് ഉള്ളത്. കൗൺസിലർമാർ കൈപ്പറ്റിയ കട്ടിലുകൾ ആർക്കൊക്കെയാണ് വിതരണം ചെയ്തതെന്നതിൻെറ രേഖകൾ ഹാജരാക്കിയിട്ടില്ല. തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റും വിതരണരേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നമ്പർ- 29/16-17/14.6.2017 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.ഗുണഭോക്തൃലിസ്റ്റ് ഇല്ലാത്തതിനാലും വാങ്ങിയ കട്ടിലുകൾ സ്റ്റോക്കിൽ ചേർക്കാത്തതിനാലും പദ്ധതി നടപ്പാക്കി എന്ന് കരുതാനാവില്ല.114 കട്ടിലുകളിൽ കൗൺസിലർമാർ കൈപ്പറ്റിയതായി 64 കട്ടിലുകളുടെ വില 224000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ലഭിക്കാത്ത 50 കട്ടിലുകളുടെ വില 175000 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. നിരാകരിച്ച തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. കൗൺസിലർമാർ കൈപ്പറ്റിയ കട്ടിലുകൾ ഗുണഭോക്താക്കൾക്ക് കൈമാറിയതിൻെറ രേഖകളും അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകകൾ ഹാജരാക്കാത്ത പക്ഷം കേരള മുനിസിപ്പാലിറ്റി (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12 (2) പ്രകാരം പ്രസ്തുത രേഖകൾ ഇല്ല എന്ന നിഗമനത്തിൽ എത്തിച്ചേരുന്നതും സർചാർജ്ജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതുമാണ്.

## 3-3 വനിതകൾക്ക് സ്വയം തൊഴിൽ -പദ്ധതി നടപ്പാക്കിയില്ല.

2016-17 വർഷം മുനിസിപ്പൽ സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾ ലക്ഷ്യം കണ്ടിട്ടില്ല.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ-421/17

പ്രോജക്ട്- വനിതകൾക്ക് സ്വയം തൊഴിൽ -സേവനകേന്ദ്രത്തിന് കമ്പ്യൂട്ടർ , ഫോട്ടോസ്റ്റാറ്റ്

ഫണ്ട് -വികസനഫണ്ട്

ചെലവഴിച്ച തുക- 171240

ട്രഷറി ബിൽ/ തീയതി -50/31.3.17- 49500

ട്രഷറി ബിൽ/ തീയതി -41/31.3.17- 121740

കുടുംബശ്രീ സേവനകേന്ദ്രത്തിന് നൽകുന്നതിനുവേണ്ടി കമ്പ്യൂട്ടറും ഫോട്ടോസ്റ്റാറ്റ് മെഷീനും വാങ്ങി. എന്നാൽ കുടുംബശ്രീ സേവനകേന്ദ്രത്തിന് ഈ സാധനങ്ങൾ വാങ്ങി നൽകേണ്ട ആവശ്യകത ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല.വർക്കിംഗ് ഗ്രൂപ്പിൽ ഈ പ്രോജക്ട് രൂപീകരിക്കുന്നതിന് നിർദ്ദേശം വന്നിട്ടുണ്ടോ എന്നും വ്യക്തമല്ല. വാങ്ങിയ ഫോട്ടോസ്റ്റാറ്റ് മെഷ്യൻ കംപ്ലെയിന്റ് വന്നിട്ടും മാറ്റി നൽകിയിട്ടില്ല. വാങ്ങിയ സാധനങ്ങൾ ഇൻസ്റ്റാൾ ചെയ്യാതെ സ്റ്റോർ റൂമിലും ഗോഡൌണിലും സൂക്ഷിച്ചിരിക്കുന്നു .ഓഡിറ്റ് എൻക്വയറി നമ്പർ-30/16-17/14.6.2017പ്രകാരം ഈ വിഷയം ശ്രദ്ധയിൽ പ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖ (ജി.ഒ. (എം.എസ്) 4/2016/തസ്വഭ.വ., 11/1/2016) ഖണ്ഡിക 11.4 (v) പ്രകാരം സ്വയം തൊഴിൽ സംരംഭം ആറുമാസക്കാലം മുടക്കമില്ലാതെ പ്രവർത്തിക്കുകയും ലാഭകരമായി പ്രവർത്തിക്കുന്നുണ്ടെങ്കിൽ അയൽ സഭയുടെ ശുപാർശയോടെയും വാർഡ് സഭയുടെ അംഗീകാരത്തോടും കൂടി ബാങ്ക് – എൻഡസ് സബ്സിഡിയായി ബാങ്ക് അക്കൗണ്ടിലേക്കാണ് തുക നൽകേണ്ടത്. കുടുംബശ്രീ സേവന കേന്ദ്രത്തിൽനിന്നുള്ള സേവനങ്ങൾക്ക് കുടുബശ്രീ ഫീസ് ഈടാക്കുന്നതിനാൽ തന്നെ നഗരസഭ ഉപകരണങ്ങൾ വാങ്ങി നൽകുന്നത് അംഗീകരിക്കാനാവില്ല. വാങ്ങിയ സാധനങ്ങൾ പ്രവർത്തനക്ഷമമാക്കിയിട്ടും ഇല്ല. പദ്ധതി മാർഗ്ഗ രേഖ മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ ചെലവ് തുക 171240/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദികളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-4 എസ്.എസ്.എ.വിഹിതം നൽകിയത് -കൈപ്പറ്റ് ചീട്ട് ഇല്ല -വിനിയോഗസാക്ഷ്യപത്രം ഇല്ല.

2016-17 വർഷം മുനിസിപ്പൽ സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരം തുക കൈമാറിയതിന്റെ വിനിയോഗ സാക്ഷ്യപത്രവും ഭൗതികനേട്ട റിപ്പോർട്ടും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്ട് നമ്പർ | പ്രോജക്ട് | ഫണ്ട് | ചെലവഴിച്ച തുക | ട്രഷറി ബിൽ/ തീയതി | അപാകത |
|---|---|---|---|---|---|
| 37/16 | എസ്.എസ്.എ.വിഹിതം | വികസനഫണ്ട് | 150000 | 8/15-16 /15.10.16 | തുക പ്രോജക്ട് ഓഫീസർക്ക് നൽകിയതിന് വെള്ളപ്പേപ്പറിൽ ഉള്ള രശീതി മാത്രമാണ് ഉള്ളത്. ഒറിജിനൽ രശീത് വിനിയോഗ സാക്ഷ്യപത്രം ഭൗതിക നേട്ട റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 37/16 | എസ്.എസ്.എ.വിഹിതം | വികസനഫണ്ട് | 1500000 | 23/15-16 /28.12.16 | തുക പ്രോജക്ട് ഓഫീസർക്ക് നൽകിയതിന് വെള്ളപ്പേപ്പറിൽ ഉള്ള രശീതി മാത്രമാണ് ഉള്ളത്. ഒറിജിനൽ രശീത് വിനിയോഗസാക്ഷ്യപത്രം ഭൗതിക നേട്ട റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. |

ഓഡിറ്റ് എൻക്വയറി നമ്പർ- 22/16-17/14.6.2017 പ്രകാരം വിവരങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.1650000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ഭവനനിർമ്മാണപദ്ധതികൾ -രേഖകൾ പരിശോധനയ്ക്ക്

## ഹാജരാക്കിയില്ല.

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ ഭവനനിർമ്മാണപദ്ധതികളുടെയും ഭവനറിപ്പയർ പദ്ധതികളുടെയും പിൻവലിച്ച തുകകൾ വിതരണം ചെയ്തതിന്റെ രേഖകൾ ,ഭവനനിർമ്മാണം പൂർത്തീകരിച്ചോ എന്നവിവരങ്ങൾ, സ്റ്റേജ് സർട്ടിഫിക്കറ്റുകൾ, ഹൌസിംഗ് രജിസ്റ്ററുകൾ, ഗുണഭോക്തൃലിസ്റ്റുകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പിൻവലിച്ച തുക വിതരണം ചെയ്തത് ബാങ്ക് അക്കൌണ്ടിലൂടെ ആണെന്ന് പറയുന്നുവെങ്കിലും തുക അക്കൌണ്ടിൽ എത്തിയോ എന്നറിയുന്നതിന് ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് ഫയലിൽ വെച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| ട്രഷറി ബിൽ , തീയതി | പ്രോജക്ട് നമ്പർ/ പ്രോജക്ട് | പിൻവലിച്ച തുക | ഗുണഭോക്താവ് | റിമാർക്സ് |
|---|---|---|---|---|
| 12/15.11.16 | 628/17,T.S.P | 75000 | കാളി ,വട്ടത്തിമൂല | ഫയൽ ,രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല.ഭവനനിർമ്മാണം പൂർത്തീകരിച്ചോ എന്ന് വ്യക്തമല്ല. |
| 16/24.11.16 | 628/17,T.S.P | 100000 | അനിത ചന്ദ്രൻ | ഫയൽ ,രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല.ഭവനനിർമ്മാണം പൂർത്തീകരിച്ചോ എന്ന് വ്യക്തമല്ല. |
| 20/24.11.16 | 637/16 .S.C.P | 40000 | മാധവി ,കാവുംകരക്കുന്ന് | ഫയൽ ,രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല.ഭവനനിർമ്മാണം പൂർത്തീകരിച്ചോ എന്ന് വ്യക്തമല്ല. |
| 22/30.11.16 | 636/16 ,T.S.P | 50000 | ദേവീ ഗോപാലൻ | ഫയൽ ,രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല.ഭവനനിർമ്മാണം പൂർത്തീകരിച്ചോ എന്ന് വ്യക്തമല്ല. |
| 32/28.2.17 | 636/16 ,T.S.P | 100000 | ദേവീ ഗോപാലൻ | ഫയൽ ,രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല.ഭവനനിർമ്മാണം പൂർത്തീകരിച്ചോ എന്ന് വ്യക്തമല്ല. |
| 28/21.12.16 | 627/16.S.C.P | 40000 | ലക്ഷ്മി, ചപ്പക്കൊല്ലി | ഫയൽ ,രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല.ഭവനനിർമ്മാണം പൂർത്തീകരിച്ചോ എന്ന് വ്യക്തമല്ല. |
| 38/29.3.17 | 627/16.S.C.P | 50000 | തങ്കമണി, വീട്ടിക്കുറ്റി | ഫയൽ ,രജിസ്റ്റർ എന്നിവ ഓഡിറ്റിന് |

| | | | | |
|---|---|---|---|---|
| | | | | ഹാജരാക്കിയില്ല.ഭവനനിർമ്മാണം പൂർത്തീകരിച്ചോ എന്ന് വ്യക്തമല്ല. |
| 43/31.3.17 | 627/16.S.C.P | 80000 | തങ്കമണി, വീട്ടിക്കുറ്റി | ഫയൽ ,രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല.ഭവനനിർമ്മാണം പൂർത്തീകരിച്ചോ എന്ന് വ്യക്തമല്ല. |
| 18/26.11.16 | 628/17,S.C.P | 100000 | ലളിത, വടച്ചിറ | ഫയൽ ,രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല.ഭവനനിർമ്മാണം പൂർത്തീകരിച്ചോ എന്ന് വ്യക്തമല്ല. |
| 14/15.11.16 | 636/17,T.S.P | 50000 | പാറുക്കുട്ടി | ഫയൽ, രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല. ഭവനനിർമ്മാണം പൂർത്തീകരിച്ചോ എന്ന് വ്യക്തമല്ല. |
| 40/29.3.17 | 628/17,S.C.P | 60000 | ഫയലിൽ പേര് പോലും ഇല്ല | ഫയൽ, രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല. ഭവനനിർമ്മാണം പൂർത്തീകരിച്ചോ എന്ന് വ്യക്തമല്ല. |
| 45/31.3.17 | 636/16 ,T.S.P | 100000 | ദേവീ ഗോപാലൻ | ഫയൽ, രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല. ഭവനനിർമ്മാണം പൂർത്തീകരിച്ചോ എന്ന് വ്യക്തമല്ല. |

മേൽപ്പറഞ്ഞ ബില്ലുകൾ പ്രകാരം പിൻവലിച്ച തുകകൾ വിനിയോഗിച്ചത് സംബന്ധിച്ച പൂർണ്ണമായ രേഖകൾ (അപേക്ഷ മുതൽ പൂർത്തീകരണസാക്ഷ്യപത്രം വരെ ഉൾക്കൊള്ളുന്ന ഫയലുകൾ, ഹൗസിംഗ് രജിസ്റ്ററുകൾ) ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 845000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6. <u>സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുടെ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.</u>

2016-17 വർഷം മുനിസിപ്പൽ സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ ഫയലുകൾ ഓഡിറ്റ് റിക്വിസിഷൻ പ്രകാരം 1/6/2017-ന് ആവശ്യപ്പെട്ടിരുവെങ്കിലും ഹാജരാക്കിയിട്ടിലല്ല.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ട് | ഫണ്ട് | ചെലവഴിച്ച തുക | ട്രഷറി ബിൽ/ തീയതി | അപാകത |
|---|---|---|---|---|---|
| 632/17 | തേലമ്പറ്റ | വികസനഫണ്ട് | 99960 | 49/31.3.17 | തുക |

| | | | | | |
|---|---|---|---|---|---|
| | എസ്.സി കോളനി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | | | | ചെലവഴിച്ചതിന്റെ യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. |
| 400/17 | എസ്.സി .വീട് റിപ്പയർ | വികസനഫണ്ട് | 300000 | 53/31.3.17 | തുക ചെലവഴിച്ചതിന്റെ യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. |
| 400/17 | എസ്.സി .വീട് റിപ്പയർ | വികസനഫണ്ട് | 150000 | 51/31.3.17 | തുക ചെലവഴിച്ചതിന്റെ യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. |
| 241/17 | എസ്.ടി .വീട് റിപ്പയർ | വികസനഫണ്ട് | 300000 | 52/31.3.17 | തുക ചെലവഴിച്ചതിന്റെ യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. |
| 664/17 | എസ്.ടി.കോളനി വൈദ്യുതീകരണം | വികസനഫണ്ട് | 800000 | 56/31.3.17 | തുക ചെലവഴിച്ചതിന്റെ യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. |
| 664/17 | എസ്.ടി.കോളനി വൈദ്യുതീകരണം | വികസനഫണ്ട് | 589064 | 56/31.3.17 | തുക ചെലവഴിച്ചതിന്റെ യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| | ആകെ | | 2239024 | | |

ഓഡിറ്റ് എൻക്വയറി നമ്പർ- 24/16-17/14.6.2017 പ്രകാരം വിവരങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടം 12 (2) പ്രകാരം രേഖകൾ നിലവിലില്ലയെന്ന നിഗമനത്തിൽ 2239024 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-7 പൊതുമരാമത്ത് പ്രവൃത്തികൾ-അശാസ്ത്രീയമായ ആസൂത്രണവും നടപ്പാക്കലും

ഒരു എഞ്ചിനീയറും ഒരു ഓവർസീയരും ഒരു ക്ലാർക്കും മാത്രമാണ് നഗരസഭ എൻജിനീയറിംഗ് വിഭാഗത്തിലുള്ളത്. അസിസ്റ്റന്റ് എൻജിനീയർക്ക് മറ്റ് ഒരു പഞ്ചായത്തിന്റെ അഡീഷണൽ ചാർജ്ജും ഉണ്ടായിരുന്നു. ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവർ വെക്കുന്ന പദ്ധതികളുടെ ജോലികളും ഇതേ ഉദ്യോഗസ്ഥർ നിർവഹിക്കേണ്ടതായിട്ടുണ്ട്. തൻവർഷം നഗരസഭയിൽ അംഗീകാരം വാങ്ങിയ പൊതുമരാമത്ത് പ്രോജക്ടുകളുടെ എണ്ണം 522 ആണ്. ഈ പ്രൊജക്ടുകളിൽ 382 പ്രോജക്ടുകൾ നടപ്പാക്കി. ചെറിയ, ചെറിയ തുകകൾ വകയിരുത്തി അസംഖ്യം റോഡ് പ്രവൃത്തികൾ ഉൾപ്പെടെ ഭാഗികമായ പ്രവൃത്തികളാണ് നഗരസഭ ആസൂത്രണം ചെയ്തിട്ടുള്ളത്. പല റോഡുകളും കുറച്ചുഭാഗം മാത്രം റീടാറിംഗ് നടത്തി മറ്റു ഭാഗം കുണ്ടും കുഴിയുമായി അവശേഷിക്കുന്നു.ഒരു റോഡും പൂർണ്ണമായി ഗതാഗതയോഗ്യമാക്കുന്ന രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നില്ല. കെട്ടിടനിർമ്മാണപ്രോജക്ട് ,കുടിവെള്ളപദ്ധതി പ്രോജക്ട് എന്നിവ തയ്യാറാക്കുമ്പോൾ ആ പദ്ധതി ഉപയോഗക്ഷമമാക്കുന്ന രീതിയിൽ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തി വേണം പ്രൊജക്ട് തയ്യാറാക്കാൻ. (ജി.ഒ. (എം.എസ്.) 4/16ഷ 11/01/2016) എന്നാൽ നഗരസഭ ഇത് പാലിച്ചിട്ടില്ല. പരിമിതമായ സ്റ്റാഫ് മാത്രം ഉണ്ടായിരിക്കെ പൊതുമരാമത്ത് മേഖലയിൽ അസംഖ്യം പ്രൊജക്ടുകൾ വെച്ചിട്ടുണ്ട്. തുകകൾക്ക് അനുസൃതമായി ഭാഗികമായ പ്രോജക്ടുകൾ തയ്യാറാക്കാൻ പാടില്ല. ഇത്തരത്തിൽ പ്രൊജക്ട് തയ്യാറാക്കിയതിലൂടെ തൻവർഷം ചെലവഴിക്കേണ്ട വൻ തുക ചെലവഴിക്കാതെ നഷ്ടമാകുന്നതിനും ഇത് കാരണമായിട്ടുണ്ട്. പ്രവൃത്തികളുടെ ബാഹുല്യം കാരണവും ജീവനക്കാരുടെ എണ്ണത്തിലെ പരിമിതി കാരണവും നിർമ്മാണ ഘട്ടത്തിൽ പ്രവൃത്തിയുടെ മേൽ നോട്ടം വഹിക്കാൻ സാധിക്കാത്തതിനാൽ ഗുണമേന്മ ഉറപ്പുവരുത്താൻ സാധിക്കാതെ വരുന്നു. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ പതിയേണ്ടതുണ്ട്.

## 3-8 ടാർ,എമൽഷൻ എന്നിവ വാങ്ങൽ - മുൻകൂർ നൽകിയതുകയിൽ അവശേഷിക്കുന്നതുക തിരികെ ഈടാക്കിയിട്ടില്ല.

തൻ വർഷം മുനിസിപ്പൽ എഞ്ചിനിയർ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ, വിവിധ റോഡ് പ്രവൃത്തിയ്ക്കായി അനുബന്ധ പ്രോജക്ടുകളിൽ നിന്നും ആഡക്വസി പ്രകാരം ആവശ്യമായ ടാർ, എമൽഷൻ എന്നിവയുടെ വില ട്രഷറിയിൽ നിന്നും മുൻകൂറായി പിൻവലിച്ച് അനുബന്ധ സ്ഥാപനങ്ങളിൽ മുൻകൂർ ആയി ഒടുക്കിയിട്ടുണ്ട്.

മുൻകൂറായി നൽകിയ തുക 51,90,235/ രൂപ

| ക്രമ.നമ്പർ | വൗച്ചർ നമ്പർ | തുക | ഫണ്ട് | ബിൽനമ്പർ | ഡിഡി നമ്പർ | ആവശ്യം |
|---|---|---|---|---|---|---|
| 1 | 107/25-2-2017 | 52,564 | ധനകാര്യ കമ്മിഷൻ | 23/25-2-2017 | - | ബിറ്റുമിൻ |
| 2 | 108/25-2-2017 | 30,01,992 | മെ.ഗ്രാന്റ് (റോഡ്) | 24/25-2-2017 | - | ബിറ്റുമിൻ |
| 3 | 109/25-2-2017 | 14,46,669 | മെ.ഗ്രാന്റ് (റോഡ്) | 25/25-2-2017 | - | എമൽഷൻ |
| 4 | 110/25-2-2017 | 51,525 | ധനകാര്യ കമ്മിഷൻ | 26/25-2-2017 | - | എമൽഷൻ |
| 5 | 111/25-2-2017 | 2,28,653 | തനത് ഫണ്ട് | - | 267579/23-2-17 | എമൽഷൻ |
| 6 | 112/25-2-2017 | 4,08,832 | തനത് ഫണ്ട് | - | 267578/23-2-17 | ബിറ്റുമിൻ |
| | | 51,90,235/ രൂപ (ബിറ്റുമിൻ വില=34,63,388 രൂപ+എമൽഷൻ വില17,26,847 രൂപ) | | | | |

ബിറ്റുമിൻ വില 34,63,388/- രൂപ കൊച്ചി ഹിന്ദുസ്ഥാൻ പെട്രോളിം കോർപ്പറേഷൻ എന്ന സ്ഥാപനത്തിലേയ്ക്ക് ട്രഷറിയിൽ നിന്നും Neft വഴി ഒടുക്കി. എമൽഷൻ വില17,26,847 രൂപ ഹിന്ദുസ്ഥാൻ കോളാസ് പ്രൈവറ്റ് ലിമിറ്റഡ്(Hindustan Colas Privet Limited)ഡിഡി ആയി നൽകി. കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. ബിറ്റുമിൻ, എമൽഷൻ എന്നിവ ലഭിച്ച വിവരം ചുവടെ ചേർക്കുന്നു

എ)ലഭ്യമായ ടാർ ,ആയതിന്റെ വില വിവരവും

| ക്രമ. നമ്പർ | ഇൻവോയിസ് നമ്പർ | ബാരൽ | തുക | അഭിപ്രായം |
|---|---|---|---|---|
| 1 | 16007037 A1 /8-3-2017 | 60 | 3,40,665.87 | ബാരൽ ഒന്നിന് 5407.3948/രൂപ നിരക്കിൽ 60 ബാരലിന്റെ വില3,24,443.69/രൂപ + 5% വാറ്റ്16,222.18 /രൂപ ആകെ3,40,665.87/രൂപ. |

| | | | | |
|---|---|---|---|---|
| | | | | |
| 2 | 16007325 A1/13-3-2017 | 60 | 3,40,665.87 | -ടി- |
| 3 | 16007357 A1/13-3-2017 | 85 | 4,82,609.99 | -ടി- |
| 4 | 16007453 A1/14-3-2017 | 60 | 3,40,665.87 | -ടി- |
| 5 | 16007675 A1/17-3-2017 | 60 | 3,35,901.48 | ബാരൽ ഒന്നിന് 5,331.7695/രൂപ നിരക്കിൽ 60 ബാരലിന്റെ വില3,19,906.17/രൂപ + 5% വാറ്റ്15995.31 /രൂപ ആകെ 3,35,901.48 /രൂപ. |
| 6 | 16007814 A1/18-3-2017 | 60 | 3,35,901.48 | -ടി- |
| 7 | 16007813 A1/18-3-2017 | 60 | 3,35,901.48 | -ടി- |
| 8 | 16008070 A1/22-3-2017 | 60 | 3,35,901.48 | -ടി- |
| 9 | 16008800 A1/29-3-2017 | 60 | 3,35,901.48 | -ടി- |

| | | | | |
|---|---|---|---|---|
| 10 | 16008966 A1/30-3-2017 | 38 | 2,12,737.60 | ബാരൽ ഒന്നിന് 5,331.7695/രൂപ നിരക്കിൽ 38 ബാരലിന്റെ വില2,02,607.24/രൂപ + 5% വാറ്റ്10,130.36 /രൂപ ആകെ 2,12,737.60/രൂപ |
| 11 | 17001412 A1/8-5-2017 | 11 | 57,896.31 | ബാരൽ ഒന്നിന് 5012.667/രൂപ നിരക്കിൽ 11 ബാരലിന്റെ വില55,139.34/രൂപ + 5% വാറ്റ്2,756.97 /രൂപ ആകെ 57,896.31/രൂപ |
| ആകെ | | 614 | 34,54,748.91 | |
| നൽകിയത് | | | 34,63,388 | |
| സ്ഥാപനത്തിൽ അവശേഷിക്കുന്നതുക | | | 8639/- രൂപ | |

ബി )ലഭ്യമായ എമൽഷൻ , ആയതിന്റെ വില വിവരവും

| ക്രമ. നമ്പ | ഇൻവോയിസ് നമ്പർ | ബാരൽ | | തുക | അഭിപ്രായം |
|---|---|---|---|---|---|
| | | RS1 | SS1 | | |
| 1 | Cok-1816/6-03-17 | 70 | | 5,18,630 | മെട്രിക് ടണ്ണിന് 35,281/രൂപ നിരക്കിൽ 14 |

| | | | | | |
|---|---|---|---|---|---|
| | | | | | മെ.ടണ്ണിന്4,93,934രൂപ+5% വാറ്റ്24,696/ രൂപ.ആകെ 5,18,630( ഒരു ബാരൽ 200kg ) |
| 2 | Cok-2193/11-3-17 | 6 | | 44,454 | മെട്രിക് ടണ്ണിന് 35,281/രൂപ നിരക്കിൽ1.2 മെ.ടണ്ണിന് 42,337.2 രൂപ+5% വാറ്റ്2,117/ രൂപ.ആകെ 44,454(ഒരു ബാരൽ 200kg ) |
| | Cok-2185/11-3-17 | | 62 | 7,83,168 | മെട്രിക് ടണ്ണിന് 63317/രൂപ നിരക്കിൽ 11.78 മെ.ടണ്ണിന്745874രൂപ+5% വാറ്റ്37294/ രൂപ.ആകെ 7,83,168 (ഒരു ബാരൽ 190kg ) |
| 4 | Cok-2192/11-3-17 | | 26 | 3,28,425 | മെട്രിക് ടണ്ണിന് 63317/രൂപ നിരക്കിൽ 4.94 മെ.ടണ്ണിന 312785രൂപ+5% വാറ്റ്15640 / രൂപ.ആകെ 3,28,425/ (ഒരു ബാരൽ 190kg) |
| 5 | Cok-5976/22-5-2017 | | 4 | 46,769 | മെട്രിക് ടണ്ണിന് 61,269/രൂപ നിരക്കിൽ .727 മെ.ടണ്ണിന് 44542രൂപ+5% വാറ്റ്2227/ രൂപ.ആകെ 46,769/ രൂപ. (ഒരു ബാരൽ 181.75 kg) |

| | | | | |
|---|---|---|---|---|
| ആകെ | 76 | 92 | 17,21,446 രൂപ. | - |
| നൽകിയത് | | | 17,26,847 രൂപ | - |
| സ്ഥാപനത്തിൽ അവശേഷിക്കുന്നതുക | | | 5401രൂപ | - |

സ്ഥാപനത്തിൽ അവശേഷിക്കുന്നതുക14,040/- രൂപ (5401/- രൂപ+ 8639/- രൂപ) തിരികെ ഈടാക്കി അതാത് ഫണ്ടിന്റെ ഹെഡിൽ ഒടുക്കേണ്ടതാണ്.

## 3-9 ഗുണഭോക്തൃ സമിതിയുടെ ചെലവിനേക്കാൾ അധികം തുക കൺവീനർക്ക് നൽകി,

പ്രേജക്ടിൻെറ വിവരം താഴെ കൊടുക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ- മുനിസിപ്പൽ എഞ്ചിനിയർ.

| | |
|---|---|
| പ്രോജക്ട് നംമ്പർ | 413/16 |
| അടങ്കൽ | 2,00,000/ രൂപ |
| ഫണ്ടിനം | തനത് ഫണ്ട് |
| ടി.എസ്.നമ്പർ | 921/14-15 തീയ്യതി-23-01-2015 |
| കൺവീനർ | രവി.സി |
| എഗ്രിമെന്റ് നമ്പർ | 257/14-15-തിയ്യതി 31-03-2015 |
| എം.ബുക്ക് നമ്പർ | 191/15-16 |
| ചെലവ് | 1,52,148+നികുതികൾ9204/രൂപ(നികുതി ഉൾപ്പെടെ 1,61,351/രൂപ |

| | |
|---|---|
| ട്രഷറി ബിൽ നം./വൗച്ചർ നമ്പർ | 21/16-17-08-09-2016 |

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ.

സത്രംകുന്ന് റോഡ്, എ.കെ. ജി റോഡിന് സമീപമുള്ള റോഡ്- ഡ്രൈനേജ് നിർമ്മാണം. പ്രവൃത്തികളുടെ എസ്റ്റിമേറ്റിമേറ്റിൽ ഉൾപ്പെട്ട 11 ഇനം പ്രവൃത്തികളിൽ( സത്രംകുന്ന് റോഡ് പ്രവൃത്തിയുടെ എസ്റ്റിമേറ്റിമേറ്റിൽ ഉൾപ്പെട്ട പ്രവൃത്തി -മൺപണി,ഡ്രൈനേജ് സബ്ബേസ് കോൺക്രീറ്റ്, ഡ്രൈനേജ് സൈഡ്ഭിത്തികെട്ടൽ, 1:2:4 ആനുപാതത്തിൽ കോൺക്രീറ്റ്, എ.കെ. ജി റോഡിന് സമീപമുള്ള റോഡിന് ഡ്രൈനേജ് പൈപ്പ് സ്ഥാപിക്കൽ, റഫ്സ്റ്റോൺ ഡ്രൈ പാക്കിംഗ്,600 mm rcc പൈപ്പ് സ്ഥാപിക്കൽ, മണ്ണ് ഫില്ലിംഗ് തുടങ്ങിയ പ്രവൃത്തികൾ)എസ്റ്റിമേറ്റിലെ ഐറ്റം നമ്പർ6,7,9,10,11 പ്രകാരമുള്ള പ്രവൃത്തികൾ നടപ്പിലാക്കിയിട്ടില്ല.

31-03-2015 ന് എഗ്രിമെന്റ് വെച്ച പ്രവൃത്തി (ചെക്ക് മെഷർ ചെയ്ത തിയ്യതി 31-03-2016) പൂർത്തീകരിക്കാൻ ഒരു വർഷത്തോളമെടുത്ത പ്രസ്തുത പ്രവൃത്തിയുടെ ഗുണഭോക്തൃസമിതി അംഗീകരിച്ച ചെലവ് 1,50,840/- രൂപ. എന്നാൽ ഫൈനൽ ബിൽ പ്രകാരം ചെലവ് 1,52,148/ രൂപ (നികുതികൾ ഉൾപ്പെടാതെ) കൺവീനർ കൈപ്പറ്റിയിട്ടുണ്ട്.(ഡിഡി നമ്പർ 161352/തിയ്യതി-8-09-2016- അധികം നൽകിയത് 1,308/- രൂപ.ഇത് ഗുണഭോക്തൃസമിതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്.ഗുണഭോക്തൃ സമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ, ചെയ്ത പ്രവൃത്തിയുടെ അളവുകൾ അനുസരിച്ചുള്ള ബിൽ തുകയോ ഏതാണോ കുറവ് അതാണ് ഗുണഭോക്തൃസമിതിയ്ക്ക് നൽകേണ്ടത്. പരാമർശം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 3/1-6-2017) മറുപടി ലഭിച്ചിട്ടില്ല. ചെലവഴിച്ച 1,52,148/- രൂപയിൽ അധികം നൽകിയ 1,308/- രൂപ ഓഡിറ്റിൽ അനുവദനീയമല്ല.

# 3-10 ടെണ്ടർ കുറവ് സ്വീകരിച്ചില്ല.നഷ്ടം 17,785 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ- മുനിസിപ്പൽ എഞ്ചിനിയർ

ടെണ്ടർ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ, ചുവടെ പറയുന്ന പ്രവൃത്തികൾക്ക്ടെണ്ടർ കുറവ് സ്വീകരില്ല/ ക്വാട്ട് ചെയ്ത നിരക്കിൽ റിക്കവറി നടത്തിയിട്ടില്ല.

എ)

| | |
|---|---|
| പ്രോജക്ട് നംമ്പർ | 279/17 |
| പ്രവൃത്തിയുടെ പേര് | വേങ്ങൂർ ജിനചന്ദ്രൻ നടപ്പാത കോൺക്രീറ്റ്. |
| അടങ്കൽ | 75,000/ രൂപ |
| ഫണ്ടിനം | പ്ലാൻ ഫണ്ട്. |

| | |
|---|---|
| കൺവീനർ | ബി .അലി |
| എഗ്രിമെന്റ് നമ്പർ | 111/16-17-തിയ്യതി 16-01-2017 |
| എം.ബുക്ക് നമ്പർ | 77/16-17 |
| ചെലവ് | 74,489/രൂപ |
| 'ട്രഷറി ബിൽ നം. | 44/16-17 |

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ

പ്രസ്തുത പ്രവൃത്തിയ്ക്ക് ബി .അലി പി.ഡബ്ല്യൂ ഡി കോൺട്രാക്ടർ രണ്ട് ടെണ്ടറുകൾ ലഭ്യമാക്കിയിട്ടുണ്ട്.

6-10-2016 ന് ലഭ്യമാക്കിയ ടെണ്ടറിൽ ക്വാട്ട് ചെയ്ത നിരക്ക്16.8 % കുറവ്, 27-12-2016ലഭ്യമാക്കിയ ടെണ്ടറിൽ ക്വാട്ട് ചെയ്തത് എസ്റ്റിമേറ്റ് നിരക്ക്. 16.8% കുറവ് ക്വാട്ട് ചെയ്ത ടെണ്ടർ സ്വീകരിക്കാത്തതിന്റെ കാരണം ഫയലിൽ വ്യക്തമാക്കിയിട്ടില്ല. രണ്ടാമത്തെ ടെണ്ടറിൻെറ ടെണ്ടർ നോട്ടീസോ, ടെണ്ടർ പരസ്യമോ ഫയലിനോടൊപ്പമില്ല. മാത്രമല്ല 16.8% കുറവ് ക്വാട്ട് ചെയ്ത ടെണ്ടർ ക്യാൻസൽ ചെയ്തിട്ടുമില്ല. എസ്റ്റിമേറ്റ് നിരക്കിലാണ് എഗ്രിമെന്റ് വെച്ചതും പ്രവൃത്തി നടപ്പിലാക്കിയതും. കുറവ് നിരക്ക് ക്വാട്ട് ചെയ്ത ടെണ്ടർ സ്വീകരിക്കാത്തതിനാൽ പഞ്ചായത്തിനുണ്ടായ നഷ്ടം 12,514/- രൂപ.(പ്രവൃത്തി മൂല്യം = 74,489 /രൂപ (-)ടെണ്ടർ കുറവ് 16.8%)

ബി)

| | |
|---|---|
| പ്രോജക്ട് നംമ്പർ | 319/17 |
| പ്രവൃത്തിയുടെ പേര് | കൊമ്പൻ മൂല നായ്ക്ക് കോളനി നടപ്പാത കോൺക്രീറ്റ്. |
| അടങ്കൽ | 1,00,000/ രൂപ |
| ഫണ്ടിനം | പ്ലാൻ ഫണ്ട്.ടി എസ്.പി |
| കൺവീനർ | റ്റി.ജെ സണ്ണി |
| എഗ്രിമെന്റ് നമ്പർ | 186/16-17-തിയ്യതി 14-02-2017 |

| | |
|---|---|
| എം.ബുക്ക് നമ്പർ | 127/16-17 |
| ചെലവ് | 79,062/രൂപ |
| ട്രഷറി ബിൽ നം. | 49/16-17/ |

പ്രസ്തുത പ്രവൃത്തിയ്ക്ക് എറ്റവും കുറവ് നിരക്ക് (16% ) ക്വാട്ട് ചെയ്തത് കോൺട്രാക്ടർ റ്റി.ജെ സണ്ണി .എഗ്രിമെന്റിൽ ഇതേ നിരക്ക് രേഖപ്പെടുത്തിയിട്ടുണ്ട് . എന്നാൽ ഫൈനൽ ബില്ലിൽ നിന്നും റിക്കവറി നടത്തിയത് 10% കുറവ് നിരക്ക്. കാരണം വ്യക്തമല്ല. ഈടാക്കേണ്ട വിവരം ചുവടെ ചേർക്കുന്നു.

പ്രവൃത്തി മൂല്യം = 87,846.43

ഈടാക്കേണ്ടത് 16% കുറവ് =14,055.42

ഈടാക്കിയത് 10% കുറവ്= 8784.64

കുറവ് ഈടാക്കിയത് = 5,271/ രൂപ

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 8/1-6-17) മറുപടി ലഭിച്ചില്ല. നഷ്ടം വന്ന തുക 17,786/- രൂപ (5,271/- +12,514/- രൂപ.) ഉത്തരവാദിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## **3-11** മറ്റ് സ്ഥാപനങ്ങളിലേയ്ക്ക് മുൻകൂർ നൽകൽ - പൂർത്തികരണ വിവരം ലഭ്യമാക്കിയിട്ടില്ല

ചുവടെ പറയുന്ന പ്രോജക്കുകൾ പ്രകാരം എസ്.ടി കോളനി കുടിവെള്ള പദ്ധതിക്ക്- വൈദ്യുത ലൈൻ വലിക്കൽ പ്രവൃത്തി നടപ്പിലാക്കൽ,KWA പൈപ്പ് ലൈൻ നീട്ടൽ - പൈപ്പ് സ്ഥാപിക്കൽ എന്നിവയ്ക്കായി കെ..എസ്.ഇ.ബി യിലും കേരള വാട്ടർ അതോറിറ്റിയിലും തുക മുൻകൂർ ഒടുക്കിയിട്ടുണ്ട്. പൂർത്തികരണ വിവരം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് നം. | പേര് | അടങ്കൽ /ഫണ്ട് | മുൻകൂറായി ഒടുക്കിയ തുക | വൗച്ചർ നം- തീയതി | ചെക്ക് നം/ ഡി.ഡി നം | റിമാർക്സ് |
|---|---|---|---|---|---|---|
| 656/17 | പൂളവയൽ കോളനി കുടിവെള്ള പദ്ധതി -വൈദ്യുത ലൈൻ വലിക്കൽ | 1,50,000 തനത് ഫണ്ട് | 131250/- | 21601848/30.3.2017 | 972877/ 03.3.2017 | എസ്റ്റിമേറ്റ് പ്രകാരമുള്ള തുക |
| | | | 6200/- | 21601849/30.3.2017 | 972886/ 04.4.2017 | സി.ഡി ഇനത്തിലുള്ള തുക |

| | | | | | | |
|---|---|---|---|---|---|---|
| 657/17 | മാനിക്കുനി എസ്.ടി കോളനി -കുടിവെള്ള പദ്ധതി -വൈദ്യുത ലൈൻ വലിക്കൽ | 50,000 തനത് ഫണ്ട് | 49640/- | 21601344/01.3.2017 | 264659/ 01.03.17 | എസ്റ്റിമേറ്റ് പ്രകാരമുള്ള തുക |
| S209/17 | KWA റോഡ് വൈദ്യുത ലൈൻ വലിക്കൽ | 40,000 | 39270/- | 21601115/30.01.2017 | 268255/ 30.01.17 | എസ്റ്റിമേറ്റ് പ്രകാരമുള്ള തുക |
| S208/17 | KWA പൈപ്പ് ലൈൻ നീട്ടൽ - പൈപ്പ് സ്ഥാപിക്കൽ | 2,00,000 തനത് ഫണ്ട് | 2,00,000 | 21601264/31.01.2017 | 268254/ 31.1.17 | എസ്റ്റിമേറ്റ് പ്രകാരമുള്ള തുക |
| 469/17 | ചുങ്കം മത്സ്യ മാർക്കറ്റ് വൈദ്യുതികരണം | 1,00,000 തനത് ഫണ്ട് | 51,600 | 2160782/31-10-2017 | 24499/ 31-10-2017 | എസ്റ്റിമേറ്റ് പ്രകാരമുള്ള തുക |
| 346/17 | കരുവള്ളിക്കുന്ന് കുടിവെള്ള പദ്ധതി വൈദ്യുതി ലൈൻ നീട്ടൽ | 275000 തനത് ഫണ്ട് | 111980 | 177/16-17/28/3/2017 | | എസ്റ്റിമേറ്റ് പ്രകാരമുള്ള തുക |
| ആകെ | | | 589940 | | | |

മേൽ പദ്ധതികളുടെ പൂർത്തികരണ വിവരം ലഭ്യമാക്കേണ്ടതാണെന്നറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 19/13-6-17) മറുപടി ലഭിച്ചിട്ടില്ല. ചെലവ് തുക 589940/- രൂപ തടസ്സപ്പെടുത്തുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-12 ഗുണഭോക്തൃ സമിതി മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികൾക്കായി വാങ്ങുന്ന നിർമ്മാണ സാധനങ്ങൾക്ക് വിൽപ്പനനികുതി നിയമ പ്രകാരമുള്ള ബിൽ ഹാജരാക്കിയിട്ടില്ല.

2003-ലെ കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം താഴെ കൊടുത്ത നിർമ്മാണ സാധനങ്ങൾക്ക് 14.5 % നിരക്കിൽ മൂല്യവർദ്ധിത നികുതി ഈടാക്കേണ്ടതാണ്.

| ക്രമ നമ്പർ | ചരക്ക് | പട്ടിക | നികുതി നിരക്ക് |
|---|---|---|---|
| 2249 | STONE CRUSHED | V | 14.5 |

| | | | |
|---|---|---|---|
| 6244 | M SAND | V | 14.5 |

തൻ വർഷത്തിൽ ഗുണഭോക്തൃ സമിതികൾ മുഖേനെ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾക്കെല്ലാം മേൽ പട്ടികയിലെ ഇനങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ശരിയായ ബില്ലിന് പകരം കൈപ്പറ്റ് രശീതുകളാണ് ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത്. സ്റ്റോൺ ക്രഷറുകൾക്ക് വാറ്റ് രജിസ്ട്രേഷൻ ഉള്ളതിനാൽ നിർമ്മാണ സാധനങ്ങൾ വാങ്ങിക്കുമ്പോൾ മൂല്യവർദ്ധിത നികുതി രേഖപ്പെടുത്തിയ ഒറിജിനൽ ബില്ലുകൾ തന്നെ വാങ്ങിക്കേണ്ടതാണ്. ഒറിജിനൽ ബില്ലുകൾ വാങ്ങിക്കാത്ത സാഹചര്യത്തിൽ സർക്കാർ ഖജനാവിന് നികുതി ചോർച്ച ഉണ്ടാകാനും.

ഉദാഹരണം ചുവടെ ചേർക്കുന്നു

| പ്രോജക്ട് നമ്പർ | പ്രോജക്ട് | വാങ്ങിയ STONE CRUSHED(ചെലവഴിച്ച തുക) | വാങ്ങിയ M SAND | വൌച്ചർ നമ്പർ |
|---|---|---|---|---|
| 380/15 | ഗ്രാമസഭാകേന്ദ്രം , തൊട്ടുവെട്ടി | 78200 | 63000 | 9/16-17/ 8.9.16 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-13/15-16/8.6.17 ന് മറുപടി നൽകിയിട്ടില്ല.

## 3-13 ഗുണഭോക്തൃസമിതി പ്രവൃത്തികളുടെ രേഖകൾ ഇല്ലാതെ തുക അനുവദിച്ചു.

അസി. എഞ്ചിനീയർ ഗുണഭോക്തൃ സമിതിയുടെ ചെലവുരേഖകൾ കൂടാതെ കൺവീനർക്ക് തുക അനുവദിച്ചത് അംഗീകരിക്കാനാവില്ല. ഗുണഭോക്തൃസമിതി രേഖകൾ കൂടാതെ കൺവീനർക്ക് തുക അനുവദിച്ചിട്ടുണ്ട് വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ട് | കൺവീനർ | എഗ്രിമെന്റ് നമ്പർ | ചെലവഴിച്ച തുക | വൌച്ചർ നമ്പർ/ തീയതി |
|---|---|---|---|---|---|
| 220/16 | മണൽവയൽ നടപ്പാലം നിർമ്മാണം | നൌഫൽ | AE/SBY /226/15-16 /27.1.16 | 350000 | 11/16-17 /8.9.16 |
| 567/16 | ജോസഫ് തെയ്യംപറമ്പിൽ വീടിനു സമീപം കിണർ | ഗഫൂർ | AE/SBY /567/15-16 /27.1.16 | 440000 | 14/16-17/ 8.9.16 |
| 251/16 | മാക്കൂട്ടം വയൽ നടപ്പാത കോൺക്രീറ്റ് | ജോർജ്ജ് | AE/SBY /251/15-16 /27.1.16 | 138195 | 15/16-17 /8.9.16 |
| 127/16 | ശാന്തിനഗർ ഫുട്പാത്ത് കോൺക്രീറ്റ് | രാജൻ | AE/SBY /127/15-16 /18.11.15 | 117939 | 19/16-17 /8.9.16 |

| | | | | | |
|---|---|---|---|---|---|
| 161/16 | കുഞ്ഞമ്പു റോഡ് യൂസഫ് വീടിന് സമീപംസൈഡ് കെട്ട് | ഷമീർ | AE/SBY /273/15-16 /4.3.16 | 34753 | 20/16-17 /8.9.16 |
| 216/16 | പ്ലാക്കുറ്റി അവറാച്ചൻ നടപ്പാത | റിനു ജോൺ | AE/SBY /216/15-16 /12.3.15 | 150000 | 49/16-17 /21.10.16 |
| 676/16 | സി.പി.ഭരതൻ റോഡ് സോളിംഗ് | കരീം.ഇ.എ | AE/SBY /279/15-16 /4.3.16 | 360490 | 50/16-17 /21.10.16 |
| 64/16 | പഴുക്കകോളനി വിജയന്റെ വീടിന് സമീപം റോഡ് നവീകരണം | തങ്കപ്പൻ കുപ്പാടി | AE/SBY /64/15-16 /4.3.16 | 400000 | 55/16-17 /22.10.16 |
| 11/16 | പി.എച്ച്.സി.പാറയിൽ റോഡ് സോളിംഗ് | ഭാസ്കരൻ | AE/SBY /57/15-16 /3.10.15 | 150000 | 58/16-17 /22.10.16 |
| 108/16 | പാർവതി നഗർ റോഡ് സോളിംഗ് | ഇന്ദുലേഖ | AE/SBY /108/15-16 /4.3.16 | 250000 | 60/16-17 /22.10.16 |
| 234/16 | ചീനപ്പുല്ല് റോഡ് നവീകരണം | നൌഷാദ് | AE/SBY /149/15-16 /27.11.15 | 200000 | 61/16-17 /22.10.16 |
| 105/16 | പമ്പ് ഹൌസ് നടപ്പാത സൈഡ് കെട്ട് ,കോൺക്രീറ്റ് | ഗഫൂർ | AE/SBY /191/15-16 /16.12.15 | 200000 | 63/16-17 /24.10.16 |
| 157/16 | ബീനാച്ചി .എസ്.ടി.കോളനി റോഡ് സോളിംഗ് | ബിനു ബത്തേരി | AE/SBY /282/15-16 /4.3.16 | 90601 | 64/16-17 /24.10.16 |
| 144/16 | പന്ത്രണ്ടാം വാർഡിലെ വിവിധ നടപ്പാതകൾകോൺക്രീറ്റ് | നൌഷാദ് | AE/SBY /144/15-16 /4.3.16 | 389996 | 65/16-17 /24.10.16 |
| 102/16 | കടമാൻചിറ വയലിൽ ഡ്രയിനേജ് | സദാനന്ദൻ | AE/SBY /167/15-16 /27.11.15 | 100000 | 66/16-17 /24.10.16 |
| 335/16 | കിടങ്ങനാട് യൂത്ത് ക്ലബ്ബ് റിപ്പയർ | ഹംസക്കുട്ടി | AE/SBY /250/15-16 /20.2.16 | 100000 | 67/16-17 /24.10.16 |
| 266/16 | വീട്ടിച്ചോട് ഫുട്പാത്ത് | ദാമോദരൻ | AE/SBY | 59613 | 89/16-17 |

| | | | | | |
|---|---|---|---|---|---|
| | കോൺക്രീറ്റ് | | /362/15-16 /4.3.16 | | /28.12.16 |
| 68/16 | പൊറ്റമ്മൽ ശിവൻ വീടിന് സമീപം നടപ്പാത കോൺക്രീറ്റ് | നിഖിൽ പി.വി. | AE/SBY /64/15-16 /3.10.15 | 75983 | 91/16-17 /28.12.16 |
| 7/16 | ആറാം മൈൽ സ്കൂളിനും അമ്പലത്തിനും ഇടയിലുള്ള ഇടവഴി കോൺക്രീറ്റ് | കൃഷ്ണകുമാർ | AE/SBY /62/15-16 /3.10.15 | 150000 | 92/16-17 /28.12.16 |
| 317/16 | വേങ്ങൂർ സബ്സെന്റർ റിപ്പയർ | ഹാഷ്മി ഐസക് | AE/SBY /248/15-16 /20.2.16 | 192155 | 99/16-17 /31.12.16 |
| 289/15 | റജിയുടെ വീടിന് സമീപം നടവഴി കോൺക്രീറ്റ് | ഒ.എം.ഷാജി | AE/SBY /227/14-15 /31.3.15 | 145142 | 111.A./16-17 /7.3.17 |
| 654/16 | പഴേരി എസ്.സി.കോളനി റോഡ് റീടാറിംഗ് | ദാമോദരൻ | AE/SBY /295/15-16 /4.3.16 | 271674 | 183./16-17 /31.3.17 |
| 566/16 | തിരുനെല്ലി എസ്.ടി.കോളനി കിണർ | ദിനേശൻ | AE/SBY /300/15-16 /4.3.16 | 59747 | 176./16-17 /25.3.17 |
| 553/16 | പൂകലമാളം മറ്റത്തിൽ ബേബി റോഡിന് സമീപം സൈഡ് കെട്ട് | ഹനീഫ | AE/SBY /164/15-16 /27.3.17 | 46157 | 164/16-17 /27.3.17 |
| ആകെ | | | | 4472445 | |

ഗുണഭോക്തൃസമിതിയുടെ രേഖകൾ പരിശോധിക്കാതെ തുകഅനുവദിച്ചത് അംഗീകരിക്കാനാവില്ല. വിശദീകരണവും ആവശ്യമായ രേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്ന് ഓഡിറ്റ് എൻക്വയറി നമ്പർ-25/15-16/14.6.17, 12/15-16/8.6.17 എന്നിവ പ്രകാരം ആവശ്യപ്പെട്ടെങ്കിലും ഓഡിറ്റിന് ഹാജരാക്കിയില്ല. 4472445രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഇതിനുപുറമേ പ്രവൃത്തി നിർവ്വഹണത്തിന്റെ രേഖകൾ പരിശോധനയിൽ കണ്ട മറ്റ് അപാകതകൾ താഴെ പറയുന്നു.

1. മിനുട്ട്സ് ബുക്ക് : ആഴ്ചയിൽ ഒരിക്കൽ യോഗം ചേർന്നതായി കാണുന്നില്ല. ബാങ്കിൽ നിന്ന് എത്ര രൂപ പിൻവലിക്കണം, സാധനങ്ങൾ ഏത് നിരക്കിൽ എവിടെ നിന്ന് വാങ്ങണം , എത്ര തൊഴിലാളികളെ നിയോഗിക്കണം തുടങ്ങിയ കാര്യങ്ങൾ തീരുമാനിച്ചതായി മിനുട്ട്സിൽ രേഖപ്പെടുത്തലുകൾ ഇല്ല.
2. മസ്റ്റർറോൾ :മസ്റ്റർറോളികളിൽ തൊഴിലാളികൾ ഒപ്പിനോടൊപ്പം തീയതി രേഖപ്പെടുത്തിയിട്ടില്ല. മസ്റ്റർറോളിൽ തൊഴിലാളികൾ തീയതിവെച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. തീയതിവെച്ച്

ഒപ്പിടാത്ത മസ്റ്റർറോളുകൾ അസാധുവാണ്.

3. ബാങ്ക് അക്കൗണ്ട് : മാർഗ്ഗരേഖ പ്രകാരം ഗുണഭോക്തൃസമിതിയുടെ പണമിടപ്പാടുകൾ ചെയർമാന്റെയും കൺവീനറുടെയും പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ട് വഴി ആയിരിക്കണം. എന്നാൽ ഓഡിറ്റിന് സമർപ്പിച്ച ഗുണഭോക്തൃസമിതി വർക്കുകളുടെ ഫയലുകളിൽ ഒന്നും ബാങ്ക് അക്കൗണ്ടിന്റെ രേഖയില്ല (ബാങ്ക് പാസ്സ് ബുക്ക്).
4. വരവ് ചെലവ് കണക്ക് പുസ്തകം എഴുതി സൂക്ഷിച്ചിട്ടില്ല.
5. ദൈനംദിന ഡയറി ഫയലിൽ സൂക്ഷിച്ചിട്ടില്ല.
6. വൗച്ചറുകളിൽ ചെയർമാൻ ഒപ്പ് രേഖപ്പടുത്തിയിട്ടില്ല

1999 ലെ ഗുണഭോക്തൃസമിതി മാർഗ്ഗരേഖപ്രകാരം ഗുണഭോക്തൃസമിതിയുടെ ചെയർമാനും കൺവീനറും അംഗങ്ങളും ഗുണഭോക്തൃ പ്രദേശത്തെ അംഗങ്ങളാണെന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.പ്രവൃത്തികളുടെ നിർവ്വഹണത്തിൽ ഈ നിബന്ധന പാലിച്ചിട്ടില്ല.

## 3-14 <u>സൈറ്റിൽ ലഭ്യമായ മണ്ണിന്റെ നിരക്ക് കുറക്കാതെയും കൺസോളിഡേഷൻ കുറക്കാതെയും എർത്ത് ഫില്ലിംഗിന് തുക നൽകി .നഷ്ടം- 9059 രൂപ</u>

തൻ വർഷം അസി .എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തിയിൽ സൈറ്റിൽ ലഭ്യമായ മണ്ണിന്റെ നിരക്ക് കുറക്കാതെയും കൺസോളിഡേഷൻ കുറക്കാതെയും എർത്ത് ഫില്ലിംഗിന് തുക നൽകിയിട്ടുണ്ട്

പ്രോജക്ട് നമ്പർ-22/16

പ്രോജക്ട്- മാരുതി വർക്ക്ഷോപ്പിന്റെ ഭാഗത്ത് (പാറയിൽ)റോഡ് നവീകരണം

അടങ്കൽ-495000 M.Book-726/13-14/pages 1-19 ,

ചെലവഴിച്ച തുക - 495000/- രൂപ, വൗച്ചർ നമ്പർ-57/16-17/22.10.16 കൺവീനർ-ജോർജ്ജ്

ഫണ്ട്- വികസനഫണ്ട്

എഗ്രിമെന്റ് നമ്പർ- AE/SBY/115/1516 /18.11.15

എസ്റ്റിമേറ്റിലെ പ്രവൃത്തികൾ- മൺപണി,റോഡിന്റെ ഒരു വശം 47 മീ. കരിങ്കൽ സംരക്ഷണഭിത്തി കെട്ടി മണ്ണ്നിറക്കുക,47 മീ സിമന്റ് കോൺക്രീറ്റ്. പ്രവൃത്തി നടപ്പാക്കിയപ്പോൾ ഏഴാമത്തെ ഇനമായി 22.37 m3 മണ്ണ് കട്ട് ചെയ്തിട്ടുണ്ട്.

പ്രവൃത്തി നടപ്പാക്കിയപ്പോൾ പതിനൊന്നാമത്തെ ഇനമായി 170.44 ഘ.മീ.നടപ്പാക്കിയിട്ടുണ്ട്.ഈ ഐറ്റത്തിന് 244/m3 നിരക്കിൽ 41577/- രൂപ നൽകി. ഏഴാമത്തെ ഇനത്തിൽ ലഭ്യമായ മണ്ണ് കുറക്കാതെയും കൺസോളിഡേഷൻ കുറക്കാതെയുമാണ് തുക നൽകിയത്.നൽകാവുന്ന തുക താഴെപ്പറയുന്ന രീതിയിലാണ്.

മണ്ണിട്ട് നികത്തിയ അളവ് - 170.44 ഘ.മീ.

കുറയ്ക്കുക:-

കൺസോളിഡേഷൻ 20% = 136.35

കുറയ്ക്കുക:-

7-ാം ഇനമായി വെട്ടിമാറ്റിയ മണ്ണ് - 22.37

--------------

113.98

ഈയിനത്തിൽ നൽകാവുന്ന തുക-113.96 x244 =27806

സൈറ്റിൽ ലഭ്യമായ മണ്ണിന്റെയും കൺസോളിഡേറ്റഡ് കുറവ് വരുത്തേണ്ടിയിരുന്ന മണ്ണിൻെറയും വില കുറക്കാതെ നൽകിയതിനാൽ (41577 - 27806= 13771)രൂപ അധികം നൽകിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നമ്പർ-6/15-16/3.6.17 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. 13771/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു

## 3-15 നിർമ്മാണതൊഴിലാളിക്ഷേമനിധിവിഹിതം അടച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

തൻ വർഷത്തിൽ നടത്തിയ മരാമത്ത് പ്രവൃത്തികളുടെ മൂല്യം കണക്കാക്കി ഈടാക്കിയ നിർമ്മാണതൊഴിലാളി വിഹിതം ക്ഷേമനിധി ബോർഡിന് അടച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല . വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വൌച്ചർ നം / തീയതി | പിൻവലിച്ച തുക |
|---|---|
| 36/16-17/30.9.16 | 230180 |
| 37/16-17/1.10.16 | 49699 |
| 38/16-17/3.10.16 | 49900 |
| 39/16-17/4.10.16 | 47633 |
| 40/16-17/5.10.16 | 49689 |
| ആകെ | 427101 |

ഓഡിറ്റ് എൻക്വയറി നമ്പർ 33 തീയതി 14.6.17 ഈടാക്കിയ

നിർമ്മാണതൊഴിലാളിക്ഷേമനിധിവിഹിതം അടച്ച രേഖകൾ (രശീത്) ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. 427101/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-16 ഭവന റിപ്പയർ ജനറൽ-സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി.

നിർവ്വഹണ ഉദ്യോഗസ്ഥൻ ;-സെക്രട്ടറി.

പ്രോക്ട് നമ്പർ;- 240/17

അടങ്കൽ 35,00,000/- രൂപ.

( പ്ലാൻ ഫണ്ട്12,89,503/ രൂപ+തനത് ഫണ്ട് 22,10,497/ രൂപ)

ഗുണഭോക്താക്കളുടെ എണ്ണം 140

വീടൊന്നിന് 25,000/- രൂപ നിരക്കിൽ 140 പേർക്ക് 35,00,000/- രൂപ വകയിരുത്തി.

ചെലവ്;-13,75,000/- രൂപ പ്രസ്തുത പ്രോജക്ട് പ്രകാരം ധനസഹായത്തിനായി എഗ്രിമെൻറ് വെച്ചത്106 പേരാണ്.

13,75,000/- രൂപ (വൗച്ചർ നമ്പർ21601840/31-3-17-ചെക്ക് നമ്പർ 3911-ജില്ലാ കോ-ഓപ്പറേറ്റിവ് ബാങ്ക് സു.ബത്തേരി) തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് 55 പേർക്ക് നൽകി. ഗുണഭോക്താവിന് 25,000/- രൂപ നിരക്കിൽ പ്ലാൻ ഫണ്ടിൽ നിന്നും 51 പേർക്ക് ധനസഹായം നൽകുന്നതിനുള്ള ബില്ല് 31-3-2017 ന് നൽകിയെങ്കിലും മാറാൻ കഴിഞ്ഞില്ല. ജൂൺ 30 നകം മാറി നൽകുമെന്നാണ് അറിയിച്ചിട്ടുള്ളത്.

സബ്സിഡി മാർഗ്ഗരേഖ (ജി ഒ (എം.എസ്) 4/2016 തസ്വഭവ 11-1-2016) നിർദേശങ്ങൾ പാലിക്കാതെയാണ് പദ്ധതി നടപ്പാക്കിയത്.പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 12 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളൂ.എന്നാൽ ധനസഹായം നൽകിയത് 8 വർഷം കഴിഞ്ഞവർക്കാണ്. (വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരവും, വി.ഇ.ഒ.യുടെ സാക്ഷ്യ പത്ര പ്രകാരവും)

നഗരസഭ തലത്തിൽ ഏകീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഗ്രാമസഭയിൽ അപേക്ഷ നൽകുന്ന മുറയ്ക്ക് വാർഡ് തലത്തിൽ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയാണ് പദ്ധതി നടപ്പാക്കിയത്. ന്യൂനതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ-28/14-6-2017) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് 13,75,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-17 സ്വച്ഛ് ഭാരത് മിഷൻ(അർബൻ) പദ്ധതി നടത്തിപ്പ് -മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല.

സ്വച്ഛ് ഭാരത് മിഷൻഭാഗമായി സുൽത്താൻ ബത്തേരി നഗരസഭയിൽ നടപ്പിലാക്കിയ വ്യക്തിഗത ശൗചാലയ നിർമ്മാണ പ്രോജക്ട് വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. – 453/16-17

നിർവ്വഹണ ഉദ്യോഗസ്ഥൻ - നഗരസഭ സെക്രട്ടറി

അടങ്കൽ-77,77,000/- [ തനത് - 55,83,835/-+കേന്ദ്രാവിഷ്കൃത ഫണ്ട്-26,93,165/-]

ചെലവ്- 52,86,000/-[തനത് - 3088,000/-+കേന്ദ്രാവിഷ്കൃത ഫണ്ട്-21,80,000/-]

ഗുണഭോക്താക്കളുടെ എണ്ണം = 505.യൂണിറ്റ് ഒന്നിന് = 15400/-രൂപ നിരക്കിൽ ആകെ വകയിരുത്തിയ തുക =77,77,000/-

കേന്ദ്രാവിഷ്കൃത ഫണ്ട് നേരിട്ട് ശുചിത്വമിഷന്റെ അക്കൗണ്ടിലേയ്ക്കു വരവ് വന്നു.തിയ്യതി 30-08-2017- ഐ. സി. ഐ.സി ബാങ്ക് സു.ബത്തേരി - അക്കൗണ്ട് നമ്പർ 162005000917. തനത് ഫണ്ട് സംബന്ധിച്ച ചെലവ് വൗച്ചർ നമ്പർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വൗച്ചർ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. എഗ്രിമെൻറ് വെച്ച 436 പേർക്ക് കേന്ദ്രാവിഷ്കൃത ഫണ്ട് 5000/-രൂപ നിരക്കിൽ ഒന്നാം ഗഡു മിൻകൂറായി നൽകിയിട്ടുണ്ട്. ചെലവ് = 21,80,000/-(5000x 436) .ഒന്നാം ഘട്ടം പൂർത്തിയാക്കിയ (തറയും,കുഴിയും നിർമ്മിച്ചതിന്) 386 പേർക്ക് രണ്ടാം ഗഡുവായ 8000/-രൂപാ വീതം നൽകിയിട്ടുണ്ട്.ചെലവ്= 30,88,000/-(8000x386) = ഇത്തരത്തിൽ തൻ വർഷത്തെ ആകെ ചെലവ് 52,86,000/-രൂപയാണ്.

2014 ലെ കേന്ദ്ര സർക്കാറിന്റെ സ്വഛഭാരത് മിഷൻ(നഗരം) പദ്ധതിയുടെ മാർഗ്ഗനിർദ്ദേശം(ഖണ്ഡിക 4.3.1) പ്രകാരം ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ മാർഗനിർദ്ദേശപ്രകാരവും വ്യക്തിഗത ശൗചാലയമില്ലാത്ത ഗുണഭോക്താക്കളെ മുനിസിപ്പാലിറ്റി വീട്-വീടാന്തരം സർവ്വേ നടത്തി കണ്ടെത്തേണ്ടതും ആയത് വാർഡ് സഭ അംഗീകരിക്കേണ്ടതുമാണ്. എന്നാൽ മേൽ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല.

എഗ്രിമെൻറ് വെച്ച 436 പേരിൽ 386 പേർക്ക് രണ്ടാം ഗഡുവായ 8000/- രൂപാ വീതം നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ ആരും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. മുൻകൂർ കൈപ്പറ്റിയവരിൽ 50 പേർ യാതൊരു പ്രവൃത്തിയും ആരംഭിച്ചിട്ടില്ല. 26.07.2016 ലെ ജി.ഒ (ആർ.ടി )2245/2016 /തസ്വഭവ പ്രകാരം വ്യക്തിഗത ഗാർഹിക ശൗചാലയത്തിന്റെ യൂണിറ്റ് കോസ്റ്റ് 15,400/- രൂപയാണ്. 21.10.2016 ലെ ജി.ഒ (ആർ.ടി) നം 2926/2016 /എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരമുള്ള സ്വച്ഛ്ഭാരത് മിഷൻ(നഗരം)ന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള കേന്ദ്ര,സംസ്ഥാന ,മുനിസിപ്പാലിറ്റി വിഹിതം യഥാക്രമം 4,000/- (2000/- രൂപ വീതമുള്ള രണ്ട് ഗഡുക്കളായി), 2667/-, 8733/- രൂപ എന്നിങ്ങനെയാണ്. എന്നാൽ സംസ്ഥാന വിഹിതം ഉൾപ്പെടുത്താതെയാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം പണം നല്കുന്നതിനുള്ള ഘട്ടങ്ങൾ ഇപ്രകാരമാണ്.

i)കരാറിലേർപ്പെട്ടപ്പോൾ മുൻകൂറായി 5000/- രൂപ(അതിൽ 2000/-രൂപ കേന്ദ്രവിഹിതത്തിലെ ഒന്നാം ഗഡു)എന്നാൽ നഗരസഭ നൽകിയ ഒന്നാം ഗഡു മുഴുവൻ തനത് ഫണ്ടിൽനിന്നാണ്.

ii) ശൗചാലയത്തിന്റെ അടിസ്ഥാന നിർമ്മാണവും ,സെപ്റ്റിക് ടാങ്ക് ,സോക്ക്പിറ്റ് തുടങ്ങിയവയുള്ള കുഴിയും നിർമ്മിച്ചു കഴിഞ്ഞാൽ രണ്ടാം ഗഡുവായി 8,000/- രൂപയും (അതിൽ 2000/-രൂപ കേന്ദ്രവിഹിതം രണ്ടാം ഗഡു ,2667/- രൂപ സംസ്ഥാന വിഹിതം).എന്നാൽ രണ്ടാം ഗഡു നൽകിയ മുഴുവൻ കേന്ദ്രവിഹിതത്തിലെ ഫണ്ടിൽനിന്നാണ്.

iii)ശൗചാലയത്തിന്റെ പണി പൂർത്തീകരിച്ചാൽ മൂന്നാം ഗഡുവായി 2400/- രൂപയും അനുവദിക്കാവുന്നതാണ്. നാളിതുവരെ ആരും തന്നെ പണി പൂർത്തികരിച്ചിട്ടില്ല.

iv.തനത് ഫണ്ട് ചെക്കായും, കേന്ദ്രവിഹിതം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് NEFT വഴിയുമാണ് നൽകിയിട്ടുള്ളത്. ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ NEFT ആയി നൽകിയ തുക അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടുണ്ടെന്ന് ഓഡിറ്റിന് ഉറപ്പ് വരുത്തുവാൻ കഴിഞ്ഞിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 34/14-6-17) മറുപടി ലഭിച്ചിട്ടില്ല.അപാകത യുടെ അടിസ്ഥാനത്തിൽ ചെലവ് 52,86,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-18 സാക്ഷരതാ,തുല്യതാ പരീക്ഷാ ചെലവുകൾ-പഠനോപകരണങ്ങൾ വാങ്ങൽ-മാർഗ്ഗരേഖ പാലിച്ചില്ല.

പ്രോജക്ടിന്റെപേര് - സാക്ഷരതാ,തുല്യതാ പരീക്ഷാ ചെലവുകൾ

ഫീസ്

പ്രോജക്ട്നം - S0435/17

അടങ്കൽ - 1,00,000/-

തനത്ഫണ്ട്

ചെലവ് - 99,700/-

ചെക്ക് നം - 269112/ തീയ്യതി,31.3.17

സുൽത്താൻ ബത്തേരി സർവ്വീസ് സഹകരണബേങ്ക്

നിർവ്വഹണം പ്രിൻസിപ്പാൾ

സുൽത്താൻ ബത്തേരി, നഗരസഭ 2016-17 സാമ്പത്തിക വർഷം 1,00,000 രൂപ അടങ്കൽ നിശ്ചയിച്ച് സാക്ഷരതാ, തുല്യതാ പരീക്ഷാ ചെലവുകൾ ഫീസ് എന്നിവ

നല്കുന്നതിനായി തനത് ഫണ്ടിൽ തുക വകയിരുത്തിയിട്ടുണ്ട്. പ്രിൻസിപ്പാൾ, നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിക്ക്99,700 രൂപ ചെലവഴിച്ചിട്ടുണ്ട്. ചെക്ക് നം - 269112/ തീയ്യതി,31.3.17സുൽത്താൻ ബത്തേരി സർവ്വീസ് സഹകരണബേങ്ക്) സാക്ഷരത, നാലാം ക്ലാസ്, ഏഴാംക്ലാസ്, പത്താംക്ലാസ് തുല്യതാ പഠനത്തിനുവേണ്ടിയാണ് തുക ചെലവഴിച്ചത്.ഓഡിറ്റിന് ഹാജരാക്കിയ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഇൻസ്ട്രക്ടർമാരുടെ ഓണറേറിയത്തിന് 72,000/- രൂപ, പാഠ പുസ്തകത്തിന് 8,400രൂപ, പഠനോപകരണത്തിന് 6,300/- രൂപ, പത്താംക്ലാസ് തുല്യതാകോഴ്സ് ഫീ 13,000/- രൂപ എന്നിങ്ങനെ ആകെ 99,700/- രൂപ ചെലവഴിച്ചത്. എന്നാൽ ഉത്തരവ് നം. (എം.എസ്. 04/2016 ത.സ്വ.ഭ.വ. 01/01/2016) പ്രകാരം കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിയിൽ കീഴിൽ സാക്ഷരത/തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തുന്നതിൻെറ ഭാഗമായി സാക്ഷരത കേന്ദ്രങ്ങളിൽ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണ്. കൂടാതെ വിവിധ ക്ലാസ്സുകളിലെ പരീക്ഷ എഴുതുന്നവർക്ക് കേരള സംസ്ഥാന സാക്ഷരത മിഷൻ നൽകുന്ന പാഠ പുസ്തകങ്ങളുടെ വിലയും, ഇവർ സാക്ഷരത മിഷനിൽ അടയ്ക്കേണ്ട ഫീസും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിനാൽ ചെലവ് തുക 99700/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-19 പാൽ ഉത്പാദകർക്ക് ഉത്പാദകബോണസ്- രേഖകൾ പരിശോധനക്ക് ലഭിച്ചില്ല.

പ്രോജക്ടിന്റെപേര് - പാൽ ഉത്പാദകർക്ക്ഉത്പാദക

ബോണസ്

പ്രോജക്ട്നം - S0651/17

അടങ്കൽ - 25,00,000/-

വികസന ഫണ്ട്

ചെലവ് - 25,00,000/-

ബിൽ നം -1/16-17 തീയ്യതി,31.3.17

നിർവ്വഹണം - ക്ഷീര വികസന ഓഫീസർ

സുൽത്താൻ ബത്തേരി,നഗരസഭ 2016-17 സാമ്പത്തികവർഷം

25,00,000 രൂപ അടങ്കൽ നിശ്ചയിച്ച് പാൽ ഉത്പാദകർക്ക്ഉത്പാദക ബോണസ് നല്കുന്നതിനായി വികസന ഫണ്ടിൽ നിന്ന് തുക വകയിരുത്തുകയുംക്ഷീര വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി പദ്ധതി നടപ്പിലാക്കുകയും പദ്ധതിക്ക് 25,00,000 രൂപ ചെലവഴിച്ചിട്ടുമുണ്ട് (ബിൽ നം1/16-17തീയ്യതി 31.3,2017, സുൽത്താൻബത്തേരി സബ്ട്രഷറി). നിർവ്വഹണോദ്യോഗസ്ഥനായ ക്ഷീര വികസന ഓഫീസർ തുക പിൻവലിച്ച് ക്ഷീര സംഘം വഴി

കർഷകർക്ക് വിതരണം ചെയ്യുന്നതിനായി സുൽത്താൻ ബത്തേരി കോ-ഓപ്പറേറ്റീവ് മിൽക്ക്സപ്ലൈ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് (അക്കൗണ്ട്നം-507701011000106, യൂണിയൻബാങ്ക്, സുൽത്താൻ ബത്തേരി). എന്നാൽ 31.3.2017ന് ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക പൂർണ്ണമായി കർഷകർക്ക് വിതരണംചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇതുസംബന്ധിച്ച് ഓഡിറ്റ് എൻക്വയറിനം 14/16-17 നല്കിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല. ചെലവ് തുക 25,00,000/- തടസ്സത്തിൽ വെക്കുന്നു.

## 3-20 ഹോംകോയിൽ നിന്നും മരുന്ന് ലഭിച്ചിട്ടില്ല - 4,00,000/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു

പ്രോജക്ട് നമ്പർ- 296/17

പ്രോജക്ട് – ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

നിർവഹണം-മെഡിക്കൽ ഓഫീസർ (ഹോമിയോ)

അടങ്കൽ- 4,00,0000/-രൂപ

ഫണ്ടിനം - പൊതുഅവശ്യഗ്രാന്റ് (ജനറൽ)

ചെലവ് -4,00,0000/-രൂപ

2016-17 വർഷം ഹോംകോയിൽ നിന്നും സുൽത്താൻ ബത്തേരി നഗരസഭ പരിധിയിലുള്ള 3 ഹോമിയോ ആശുപത്രികൾക്കായുള്ള മരുന്ന് വാങ്ങൽ പദ്ധതിയ്ക്കായി 4,00,000/- രൂപ 17.02.2017 ലെ 1/16-17 നമ്പർ ബിൽ പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച് മാനേജിംഗ് ഡയറക്ടർ, ഹോംകോ, ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ അക്കൗണ്ട് നമ്പർ 34306403911 ലേക്ക് NEFT വഴി കൈമാറ്റം ചെയ്യുകയും ,മേൽ സ്ഥാപനം 10.03.2017 ലെ 2719 നമ്പർ പ്രകാരം 4,00,000/- രൂപയുടെ കൈപ്പറ്റ് രസീത് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. 06.06.2017 ലെ 07/16-17 നമ്പർ പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിന് മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് രജിസ്റ്റർ സഹിതം പരിശോധനനയ്ക്ക് ഓഡിറ്റിനെ ലഭ്യമാക്കുന്നതാണെന്ന് 12.06.2017ലെ മറുപടി പ്രകാരം അറിയിച്ചിട്ടുണ്ട്.

ഹോംകോയിൽ നിന്ന് മരുന്നുകൾ ലഭ്യമാകാത്തതിനാൽ 4,00,000/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു. പദ്ധതി പ്രകാരമുള്ള മരുന്നുകൾ ലഭ്യമാക്കി, സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് രജിസ്റ്റർ സഹിതം പരിശോധനനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-21 ദർഘാസ് പരസ്യം- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

സുൽത്താൻ ബത്തേരി നഗരസഭ 2016-17 സാമ്പത്തിക വർഷങ്ങളിലെ ജനകീയാസൂത്രണ പദ്ധതിയിൽ നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ ദർഘാസ് പരസ്യം (ടെണ്ടർ -റീടെണ്ടർ) ചെയ്തയിനത്തിൽ താഴെപറയും പ്രകാരം വിവിധ തിയ്യതികളിലായി ദേശഭമാനി ദിനപത്രത്തിൽ പരസ്യം നൽകിയതിന് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട് . 01.01.2004 – ലെ ജി.ഒ.(പി) 01/04/ഐ ആന്റ് പി.ആർ പ്രകാരം ദർഘാസ് പരസ്യങ്ങൾ മൂന്ന് സെന്റീമീറ്റർxരണ്ട് കോളം വലിപ്പത്തിലുള്ള വിൻഡോ പരസ്യങ്ങളായാണ് പത്രങ്ങളിൽ പ്രസിദ്ധീകരിക്കേണ്ടത്. ഇതിന് പുറമേ 04.01.2011 – ലെ ജി.ഒ. (ആർ. ടി.) 01/2011/ പി ആന്റ് എ.ആർ.ഡി പ്രകാരം സർക്കാർ

സ്ഥാപനങ്ങൾ നൽകുന്ന പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടും ഉറപ്പ് വരുത്തേണ്ടതാണ്. എന്നാൽ തദ്ദേശ സ്വയം ഭരണസ്ഥാപനം പത്രപരസ്യം നൽകുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പത്രം | പരസ്യത്തിന്റെ വലുപ്പം | ബിൽനം/ തീയതി | വൗച്ചർ നമ്പർ /തീയതി | ചെക്ക് നമ്പർ/തീയതി | തുക |
|---|---|---|---|---|---|---|
| 1 | ദേശാഭിമാനി | 28x3 | CLT-2017029894/ 23.02.2017 | 2161726/ 30.03.2017 | 269103/30.03.2017 | 20496 |

മേൽപ്പറഞ്ഞ പത്രപരസ്യം നൽകുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 21/09.06.2017 നമ്പർ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത ആവർത്തിക്കാതിരിക്കേണ്ടതും വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതുമാണ്

## 3-22 മുൻകൂർ ക്രമീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്കും ജനപ്രതിനിധികൾക്കും അവരുടെ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന്റെ ഭാഗമായി അനുവദിച്ചിട്ടുള്ള മുൻകൂർ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ഇതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ.നം | വർഷം | പേര്/തസ്തിക | ഇനം | അനുവദിച്ച തീയ്യതി | തുക |
|---|---|---|---|---|---|
| 1 | 2009-10 | പുരുഷോത്തമൻ,HC | ഫെസ്റ്റിവൽ അഡ്വാൻസ് | 17.9.09 | 4,000 |
| | | ടി.യു.പ്രേമൻ,സെക്രട്ടറി | യാത്രാ ബത്ത | 8.2.10 | 1,000 |
| 2 | 2011-12 | പത്മനാഭൻ,സെക്രട്ടറി | -ടി- | 8.10.11 | 1,000 |
| 3 | 2012-13 | പത്മനാഭൻ,സെക്രട്ടറി | -ടി- | 6.7.12 | 1,000 |
| | | പത്മനാഭൻ,സെക്രട്ടറി | ഫെസ്റ്റിവൽ അഡ്വാൻസ് | 27.8.12 | 2,000 |
| | | കനകൻ,സീ.ക്ലാർക്ക് | -ടി- | 27.8.12 | 2,000 |
| | 2013-14 | സി.ആർ.മോഹനൻ സെക്രട്ടറി | യാത്രാ ബത്ത | 12.9.13 | 1,000 |
| | | ഒ.എം.ജോർജ്ജ് പ്രസിണ്ട് | -ടി- | 12.9.13 | 1,000 |
| | | പി.പി.അയൂബ് -ടി- | -ടി- | 12.9.13 | 1,000 |
| | | സൽമാബി എഫ്.ടി.എസ് | ഫെസ്റ്റിവൽ അഡ്വാൻസ് | | 400 |

| | | | | | |
|---|---|---|---|---|---|
| 5 | 2014-15 | ഒ.എം.ജോർജ്ജ് | -ടി- | 5.5.14 | 1,000 |
| | | സന്തോഷ് മോൻ,ക്ലാർക്ക് | ഫെസ്റ്റിവൽ അഡ്വാൻസ് | 5.5.14 | 2,000 |
| | | ജനാർദ്ദനൻ,FTS | -ടി- | 5.5.14 | 2,000 |
| | | ആകെ | | | 19400/- |

മേൽ മുൻകൂറുകൾ ക്രമീകരിച്ചതിന്റെ യാത്രാ ബില്ലുകൾ, യാത്രാ ഡയറി എന്നിവ ഓഡിറ്റിന് നൽകിയിട്ടില്ല. നാളിതുവരെ ക്രമീകരിക്കാനുള്ള 19,400/- രൂപ ക്രമീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-23 കെ.എം.സി.എല്ലിൽ നിന്നും -പെയിൻ ആന്റ് പാലിയേറ്റീവ് മരുന്ന് ലഭിക്കാൻ കാലതാമസം

പ്രോജക്ട് നമ്പർ- 329/17

പ്രോജക്ട് - പെയിൻ ആന്റ് പാലിയേറ്റീവ് കെയർ

നിർവഹണം-മെഡിക്കൽ ഓഫീസർ (പി.എച്ച്.സി )

അടങ്കൽ- 6,00,0000/-രൂപ

ഫണ്ടിനം - പൊതുഅവശ്യഗ്രാന്റ് (സാധാരണവിഹിതം )

ചെലവ് - 6,00,0000/-രൂപ

2016-17 സാമ്പത്തിക വർഷം സുൽത്താൻ ബത്തേരി നഗരസഭ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പ് അനുബന്ധമായി പെയിൻ ആന്റ് പാലിയേറ്റീവ് രോഗികൾക്കായി കേരള മെഡിക്കൽ സർവ്വീസ്സ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും 2,00,000/-രൂപയുടെ മരുന്നും,50,000/-രൂപയുടെ രോഗികൾക്കായുള്ള ഉകരണങ്ങളും മറ്റ് അനുബന്ധ ചെലവ് ഉൾപ്പെടെ 30.03.2017 ലെ 4/16-17 നമ്പർ ബിൽ പ്രകാരം 2,50,000/-രൂപ ട്രഷറിയിൽ നിന്നും പിൻവലിക്കുകയും, മാനേജർ കേരള മെഡിക്കൽ സർവ്വീസ്സ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവന്തപുരം എന്ന സ്ഥാപനത്തിന്റെ പഞ്ചാബ് നാഷണൽ ബാങ്കിലെ 1819 നമ്പർ അക്കൌണ്ടിലേക്ക് NEFT വഴി തുക 2,50,000/- രൂപ കൈമാറ്റം ചെയ്യുകയും മേൽ സ്ഥാപനം 31.03.2017 ലെ 4855 നമ്പർ പ്രകാരം 2,50,000//-രൂപയുടെ കൈപ്പറ്റ് രസീത് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയും പെയിൻ ആന്റ് പാലിയേറ്റീവ് മരുന്നുകളും ഉകരണങ്ങളും ലഭ്യമാക്കിയിട്ടില്ല. മരുന്നുകളും ഉകരണങ്ങളും ലഭ്യമാക്കി , സ്റ്റോക്കിലെടുത്ത്,വിതരണം നടത്തി സ്റ്റോക്ക് രജിസ്റ്റർ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2.

പ്രോജക്ട് നമ്പർ- 331/17

പ്രോജക്ട് - മാനസിക വെല്ലുവിളി നേരിടുന്നവർക്ക് മരുന്ന് വാങ്ങൽ

നിർവഹണം-മെഡിക്കൽ ഓഫീസർ (പി.എച്ച്.സി )

അടങ്കൽ- 2,00,0000/-രൂപ

ഫണ്ടിനം - പൊതുഅവശ്യഗ്രാന്റ് (സാധാരണവിഹിതം )

ചെലവ് - 2,00,000/-രൂപ

2016-17 സാമ്പത്തിക വർഷം സുൽത്താൻ ബത്തേരി നഗരസഭ മാനസിക വെല്ലുവിളി നേരിടുന്നവർക്ക് മരുന്ന് വാങ്ങൽ പദ്ധതി നടത്തിപ്പിനായി തനത് ഫണ്ടിൽ നിന്നും അനുവദിച്ച 2,00,000/-രൂപ ഡി.ഡി.നമ്പർ 857881/16/05/2017 പ്രകാരം പ്രകാരം കേരള മെഡിക്കൽ സർവ്വീസ്സ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ടെങ്കിലും. മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല. അവശ്യ മരുന്നുകൾ ലഭ്യമാക്കിയും പദ്ധതി നടത്തിപ്പിനുള്ള കാലാതാമസത്തിന് കാരണവും വ്യക്തമാക്കേണ്ടതാണ്.

## 3-24 <u>ക്യാഷ് ബുക്കിൽ പണമിടപാടുകളുടെ വിവരം കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.</u>

12.04.2007ലെ ജി.ഒ.(പി)നം.177/2006/ധനം ഉത്തരവ് അനുസരിച്ച് ഒരു ടി.ആർ. 7(എ) ക്യാഷ്ബുക്കിലാണ് ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ഫണ്ടിന്റെയും വരവുചെലവ് വിവരങ്ങൾ രേഖപ്പെടുത്തേണ്ടത്. ഇതിനുപുറമേ ഡിമാണ്ട് ഡ്രാഫ്റ്റ് നൽകുക എന്ന ആവശ്യത്തിനു മാത്രമായി നോൺബാങ്കിംഗ് ട്രഷറി മുഖേന പണമിടപാടുകൾ നടത്തുന്ന തദ്ദേശ ഭരണസ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ ബാങ്ക് അക്കൌണ്ട് ആരംഭിക്കുന്നതിനാണ് മേൽ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുള്ളതും. ഒരോ മാസത്തിന്റെയും അവസാനം ഇപ്രകാരം ആരംഭിച്ച അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുക ചലാൻ മുഖേന ട്രഷറിയിൽ തിരിച്ചടക്കേണ്ടതാണ്. ഈ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്ന തുകകളുടെ വിവരം അനെക്സർ ബി - V ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

മെഡിക്കൽ ഓഫീസറുടെ പേരിൽ ഗ്രാമപഞ്ചായത്തിന്റെ പ്ലാൻ നിർവ്വഹണത്തിനായി സ്റ്റേറ്റ് ഓഫ് ട്രവൻകൂറിന്റെ സുൽത്താൻ ബത്തേരി ശാഖയിൽ അക്കൌണ്ട് (A/C No. 67004705668) ഉണ്ട് (ബാങ്ക് അക്കൗണ്ട് ഗ്രാമപഞ്ചായത്തിന്റെ സാംഖ്യ അക്കൗണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്തതാണ്). ഈ അക്കൗണ്ടിന്റെ 29.05.2017 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. ആയത് പ്രകാരം പ്രസ്തുത തീയതിയിൽ 1,17,646/-രൂപ നീക്കിയിരിപ്പുണ്ട്. 31.03.2017 - ലെ നീക്കിയിരിപ്പ് 2,55,092- രൂപയാണ്.

ക്യാഷ്ബുക്ക് പ്രകാരം അന്നേ ദിവസം നീക്കിയിരിപ്പ് 6543/-രൂപയാണ്. എന്നാൽ ക്യാഷ്ബുക്കിൽ ബാങ്ക് റിക്കൺസിലിയേഷൻ രേഖപ്പെടുത്തിയിട്ടില്ല. ബാങ്ക് അക്കൗണ്ടിൽ അധികമായുള്ള നീക്കിയിരിപ്പ് തുകയുടെ വിശദാംശം ഓഡിറ്റിൽ വ്യക്തമാക്കിയിട്ടില്ല.

പണമിടപാടുകളുടെ കണക്കുകൾ കൃത്യമായി സൂക്ഷിക്കാത്തതിനും മറ്റ് ന്യൂനതകൾക്കും അധിക വിവരം നൽകാനുണ്ടെങ്കിൽ ആയതും വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

2. പെയിൻ & പാലിയേറ്റീവ് - വാഹനം

പെയിൻ & പാലിയേറ്റീവ് - വാഹനത്തിന്റെ (KL-12-H-8427) ഫ്യുവൽ രജിസ്റ്റർ എഴുതിസൂക്ഷിച്ചിട്ടില്ല. ലോഗ്ബുക്കിൽ പ്രതിമാസം ഇന്ധനം ഉപയോഗിച്ചതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഫ്യുവൽ കൺസംപ്ഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-25 .ഫുൾടൈം കണ്ടിജന്റ് ജീവനക്കാർക്ക് യൂണിഫോം,ഫുട്ട് വെയർ അലവൻസ് - 16400/-രൂപ നിരാകരിക്കുന്നു.

2016-17 സാമ്പത്തിക വർഷത്തിൽ നഗരസഭയിലെ ഫുൾടൈം കണ്ടിജന്റ് ജീവനക്കാർക്ക് യൂണിഫോം,ഫുട്ട് വെയർ അലവൻസ് അനുവദിച്ചിട്ടുണ്ട്. 20.01.2016 ലെ 07/2016 നമ്പർ പത്താം ശമ്പള കമ്മീഷൻ ഉത്തരവ് പ്രകാരം പഞ്ചായത്ത്/മുനിസിപ്പാലിറ്റി ഫുൾടൈം അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടില്ല. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 30.05.2017 ലെ ഇ2-6803/2017 കത്ത് പ്രകാരം ശമ്പള പരിഷ്കരണ ഉത്തരവിൽ പരാമർശിക്കാത്തതിനാൽ കണ്ടിജന്റ് ജീവനക്കാർക്ക് യൂണിഫോം, ഫുട്ട് വെയർ അലവൻസുകൾക്ക് അനുമതിയില്ലായെന്ന് സ്പഷ്ടീകരണം നല്കിയിട്ടുണ്ട്. തുക അനുവദിച്ചതിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

വൗച്ചർ നം-21601585/24.3.2017

| ക്രമ നം. | പേര് ,ഉദ്യോഗപേര് | യൂണിഫോം അലവൻസ് | ഫുട്ട് വെയർ അലവൻസ് | ആകെ |
|---|---|---|---|---|
| 1 | പി.ജി.ശ്രീനിവാസൻ എഫ്.ടി.എസ് | 1600 | 450 | 2050 |
| 2 | സുബ്രമണ്യൻ കെ.വി എഫ്.ടി.എസ് | 1600 | 450 | 2050 |
| 3 | പീതാംബരൻ എഫ്.ടി.എസ് | 1600 | 450 | 2050 |
| 4 | മണി എഫ്.ടി.എസ് | 1600 | 450 | 2050 |
| 5 | രമ എഫ്.ടി.എസ് | 1600 | 450 | 2050 |
| 6 | ഹരീഷ്.കെ.ആർ എഫ്.ടി.എസ് | 1600 | 450 | 2050 |
| 7 | ബാലൻ.ഇ.ജി എഫ്.ടി.എസ് | 1600 | 450 | 2050 |
| 8 | സുരേഷ് എഫ്.ടി.എസ് | 1600 | 450 | 2050 |

| | |
|---|---|
| ആകെ | 16400/- |

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ സ്പഷ്ടീകരണം ലഭിച്ചതിനെ തുടർന്ന് അലവൻസുകൾ തിരിച്ചടച്ചിട്ടുണ്ടെങ്കിൽ ഓഡിറ്റിനെ അറിയിക്കുന്നതിനായും ഓഡിറ്റ് എൻക്വയറി (17/12.06.2017) ന് മറുപടി ലഭ്യമാക്കിയിട്ടില്ല . 20.01.2016 ലെ 07/2016 നമ്പർ പത്താം ശമ്പള കമ്മീഷൻ ഉത്തരവ് പ്രകാരം പഞ്ചായത്ത് ഫുൾടൈം കണ്ടിജന്റ് ജീവനക്കാർക്ക് യൂണിഫോം, ഫൂട്ട് വെയർ അലവൻസുകൾക്ക് അനുമതി നൽകിയിട്ടില്ലാത്തതിനാൽ മേൽ പ്രതിപാദിത വൗച്ചർ നമ്പർ പ്രകാരം പിൻവലിച്ച് കൈപ്പറ്റിയ ആകെ തുക 16400/- തിരികെ ഈടാക്കി അടവാക്കേണ്ടതാണ്.

## 3-26 തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കൽ - അവശ്യകത നിർണ്ണയം നടത്തിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ:-സെക്രട്ടറി.

പ്രോജക്ട് നമ്പർ;- 639/17

അടങ്കൽ 15,00,000/ രൂപ.

ഫണ്ടിനം -തനത് ഫണ്ട്

ചെലവ്- 14,99,081

വൗച്ചർ നം. - 21600911 /14.12.2016

തൻ വർഷം നടപ്പാക്കിയ വിവിധ വാർഡുകളിൽ ടെണ്ടർ മുഖേന തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. ആയതിൻ പ്രകാരം ലക്സ് എൻ ലുമൻസ് എന്ന സ്ഥാപനത്തിൽ നിന്ന് 257 വിളക്കുകൾ വാങ്ങുകയും ആയത് നഗരസഭയുടെ പടിഞ്ഞാറെ പരിധിയിൽ 103 എൽ.ഇ.ഡി തെരവ് വിളക്കുകൾ മാറ്റി സ്ഥാപിച്ചതായും , 154 എൽ.ഇ.ഡി തെരവ് വിളക്കുകൾ കിഴക്കേ പരിധിയിൽ മാറ്റി സ്ഥാപിച്ചതായും കെ.എസ്.ഇ.ബിയിലെ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

1.നഗരസഭ പരിധിയിൽ എത്ര എൽ.ഇ.ഡി തെരവ് വിളക്കുകൾ മാറ്റി സ്ഥാപിക്കാനുണ്ട് എന്ന അവശ്യകത നിർണ്ണയിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല.

2.സ്റ്റോക്ക് വിതരണ വിവരങ്ങൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല.

3.മാറ്റി സ്ഥാപിച്ചതാണെങ്കിൽ നേരത്തെയുള്ള ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെയും തുടർ നടപടികളുടെയും വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4.തെരുവ് വിളക്കുകൾ എവിടെയൊക്കെ സ്ഥാപിച്ചിട്ടുണ്ട് എന്ന സാക്ഷ്യപത്രം വാർഡ് കൗൺസിലർ നൽകിയിട്ടില്ല.

14.06.2017 ലെ 32-ാം നമ്പർ എൻക്വയറി നൽകിയതിന മറുപടി

ലഭ്യമാക്കിയിട്ടില്ല.അവശ്യക്താ നിർണ്ണയം നടത്താതെ പദ്ധതി നടപ്പിലാക്കിയതിന്റെ പശ്ചാത്തലത്തിൽ ചെലവ് തുക 15,00,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-27 സ്റ്റോക്ക് ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ല

ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി ഫർണ്ണീച്ചർ ,കമ്പ്യൂട്ടർ തുടങ്ങിയവ വാങ്ങിയിട്ടുണ്ട് . പ്രോജക്റ്റ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം | അടങ്കൽ | ചെലവ് | വൗച്ചർ നം/'ട്രഷറി ബിൽ നം. | ഇനങ്ങൾ |
|---|---|---|---|---|---|
| 1 | 663/16-17 | 2,00,000 | 19,64,00 | 21601781/ 31.3.17 | നീൽ കമ്മൽ ഫൈവർ ചെയർ, എക്സിക്യൂട്ടീവ് ചെയർ |
| 2 | 693/17 | 4,00,000 | 3,99,000 | 42/16-17 31.3.2017 | കട്ടിൽ വിതരണം |
| 3 | 639/17 | 15,00,000 | 14,99,81, | 21600911/14.12.2016 | സ്ട്രീറ്റ് ലൈറ്റ് ഉപകരണ സ്ഥാപിക്കൽ |

എന്നാൽ ഇവയുടെ സ്റ്റോക്ക് ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ല . ഒരു രജിസ്റ്ററിൽ മിസ്സലേനിയസ് ഇനങ്ങൾ ഉൾപ്പെടെ എല്ലായിനങ്ങളും ഇടകലർത്തിയാണ് എഴുതിയത് . അതിനാൽ ഓരോയിനവും എത്രയെണ്ണം ഉണ്ട് , അവ എവിടെയൊക്കെ വിന്യസിച്ചിരിക്കുന്നു എന്നീ വിവരങ്ങൾ ടി രജിസ്റ്ററിൽ നിന്നും മനസ്സിലാകുന്നില്ല . അതിനാൽ തൻവർഷം വാങ്ങിയ മേൽ വസ്തുക്കൾ പഞ്ചായത്തിന്റെ സ്റ്റോക്കിൽ ഉൾപ്പെട്ടു എന്നുറപ്പാക്കാനാവുന്നില്ല. മാത്രമല്ല മറ്റ് നിർവഹണോദ്യോഗസ്ഥർ വാങ്ങുന്ന വിവരങ്ങൾ ടി രജിസ്റ്ററിൽ ലഭ്യമല്ല . പഞ്ചായത്തിന്റെ (കൈമാറി കിട്ടിയ സ്ഥാപനങ്ങളിലുൾപ്പെടെ) ഫർണ്ണീച്ചറുകളുടെയും ഉപകരണങ്ങളുടെയും വസ്തുക്കളുടെയും സ്റ്റോക്ക് രജിസ്റ്റർ ഇനം തിരിച്ച് എഴുതി സൂക്ഷിക്കാത്തതിന്റെയും, അത്തരത്തിലുള്ള കണക്കിൽ മേൽ പർചേയ്സുകളുടെ വിവരങ്ങൾ ഉൾക്കൊള്ളിക്കാത്തതിന്റെയും കാരണം വ്യക്തമാക്കേണ്ടതാണ്.

31/16-17/09.06.2017 ഓഡിറ്റ് എൻക്വയറി നൽകിയിട്ടുണ്ടെങ്കിലും മറുപടി തയ്യാറാക്കിയിട്ടില്ല.സ്റ്റോക്ക് രജിസ്റ്റർ യഥാവിധി എഴുതി ഓഡിറ്റിന് ലഭ്യമാക്കേണ്ടതും ,മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടും അപാകത നാളിതുവരെ പരിഹരിക്കാത്തതിനും വ്യക്തമായ കാരണം ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ /ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കടിവെള്ളപൈപ്പ് ലൈൻ നീട്ടൽ | 21601115 | 240000 | 239270 | പൂർത്തീകരിച്ച | 730 |
| കെ.എസ്.ഇ.ബി | വൈദ്യുതി ലൈൻ വലിക്കൽ | 21601113 | 150000 | 137450 | പൂർത്തീകരിച്ച | 12550 |
| കെ.എസ്.ഇ.ബി | വൈദ്യുതി ലൈൻ വലിക്കൽ | 21601344 | 50000 | 49640 | വിവരം ലഭ്യമല്ല | - |
| കെ.എസ്.ഇ.ബി | വൈദ്യുതീകരണം | 2160782 | 100000 | 51600 | വിവരം ലഭ്യമല്ല | - |
| കെ.എസ്.ഇ.ബി | വൈദ്യുതി ലൈൻ വലിക്കൽ | 177 | 275000 | 111980 | വിവരം ലഭ്യമല്ല | |

## 4-3 വായ്പ/ വായ്പ തിരിച്ചടവ്

1.വായ്പ വിനിയോഗം വീഴ്ചകൾ എന്നിവയുടെ വിവരം

| ക്രമനമ്പർ | 2016-17 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിതകാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിക്കാനവശേഷിക്കുന്നത് | ലക്ഷ്യം നേടിയത് സംബന്ധിച്ച വിവരം |
|---|---|---|---|---|---|
| 1 | 800000 | ഭവനനിർമ്മാണം | 800000 | - | |

2. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് | വായ്പ തുക | വർഷാരംഭത്തിൽ | തൻവർഷം തിരിച്ചടച്ച തുക | വർഷാവ |
|---|---|---|---|---|---|

| | നമ്പർ/തിയ്യതി | | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്ഭവനനിർമ്മാണം | സ.ഉ (എം.എസ്) 34/2008 തസ്വഭവ dtd 6.2.2008 | - | 6810497 | 5,00,000 | | 1810497 |
| സൌഭാഗ്യ ഭവനനിർമ്മാണ | സ.ഉ (എം.എസ്) 83/e.m/ തസ്വഭവ dtd 11.3.2013 | | 15343993 | 236870 | 1714342 | 13392781 |

വായ്പ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. നഗരഭ ലഭ്യമാക്കിയ കണക്കുകളാണ് മുകളിൽ ചേർത്തിരിക്കുന്നത്. രശീത് & പേയ്മെൻറ് സ്റ്റേറ്റ്മെൻറ് പ്രകാരം ലോൺ തിരിച്ചടവ് 2261709/- രൂപയാണ്. ബാലൻസ് ഷീറ്റ് പ്രകാരം തിരിച്ചടക്കാൻ ബാക്കിയുള്ള തുക 12348788/- രൂപയാണ്. വ്യക്തമായ കണക്കുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 4-4 സ്ഥിരനിക്ഷേപങ്ങൾ

വാർഷിക കണക്ക് പ്രകാരം

| | |
|---|---|
| വർഷം | 2016-17 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 7404267 |
| തൻവർഷം നിക്ഷേപിച്ച തുക | 41128 |
| ആകെ | 7445395 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 6936204 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 509191 |

വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കേരളഗ്രാമീണബാങ്ക് | 509191 |

സ്ഥിര നിക്ഷപം വാർഷിക കണക്കുമായി യോജിക്കുന്നില്ല. സ്ഥിരനിക്ഷേപ രജിസ്റ്റർ മുൻസിപ്പാലിറ്റിയിൽ എഴുതി സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്കുമായി പരിശോധിച്ച് ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല. ഓഡിറ്റിൻെറ ഭാഗമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിലാണ് ഖണ്ഡിക തയ്യാറക്കിയിട്ടുള്ളത്.

## 4-5 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 3-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 97-98, | 68 | 1999-2000 | 77 | രാജീവ്ഗാന്ധി ബൈപ്പാസ് റോഡ് അഭിവൃദ്ധിപ്പെടുത്തൽ അധികമായി കരിങ്കൽ വാങ്ങി. | സമിതിയുടെ പരിഗണനയിൽ. |
| 98-99 | 65 | 2001-02 | -4(2 | വനിതകൾക്കുള്ള പ്രോജക്ടിൽ പുരുഷൻമാർക്ക് ആനുകൂല്യം നല്കി. | സമിതിയുടെ പരിഗണനയിൽ. |
| 98-99, | 30 | 2001-02, | 4(3) | കമ്മ്യൂണിറ്റി -ഹാൾ വാടക പഞ്ചായത്തിൽ അടയ്ക്കാതെ അപഹരിച്ചു-നഷ്ടം-19550/ | സമിതിയുടെ പരിഗണനയിൽ. |

| | | | | | |
|---|---|---|---|---|---|
| 98-99 | 38 | - | 4(4) | ബിൽഡിംഗ് ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്-പഞ്ചായത്തിന് നഷ്ടം-23520/- | സമിതിയുടെ പരിഗണനയിൽ. |
| 99-2000 | 49 | 2002-03 | 5(1) | പൊതുമരാമത്ത് പ്രവർത്തി അധിക നിരക്ക് നല്കി | സമിതിയുടെ പരിഗണനയിൽ. |
| 99-2000 | 49 | 2002-03 | 5(2) | വനിതകൾക്കുള്ള പ്രോജക്ടിൽ പുരുഷൻമാർക്ക് ആനുകൂല്യം നല്കി | സമിതിയുടെ പരിഗണനയിൽ. |
| 2006-07 | 2-6 | 2009-10 | 3(1)(2)(1) | കെട്ടിട വാടക പിരിവ് അപാകങ്ങൾ | സമിതിയുടെ പരിഗണനയിൽ. |
| 2006-07 | 2-6 | 2009-10 | 3(1)(2)(1)എ | വാടകക്കാരുമായി കൃത്യമായി കരാറിലേർപ്പെടുന്നില്ല ,, | സമിതിയുടെ പരിഗണനയിൽ. |
| 2006-07 | 2-6 | 2009-10 | 3(1)(2)(1)ബി | വാടക കുടിശ്ശിക പിരിച്ചെടുത്തില്ല | സമിതിയുടെ പരിഗണനയിൽ. |
| 2006-07 | 2-6 | 2009-10 | 3(1)(2)(2) | ചട്ടവിരുദ്ധമായി വാടക ഇളവ് നല്കി. ,, | സമിതിയുടെ പരിഗണനയിൽ. |
| 2010-11 | | 2012-13 | 4.8.2 | കെ.ടി.ഡി.സി ഹോട്ടൽ | സമിതിയുടെ |

| | | | | | |
|---|---|---|---|---|---|
| | | | | സംബന്ധിച്ച് | പരിഗണനയിൽ |
| 2012-13 | | 2015-16 | 3(1)<br>3(6) | ഗുണഭോക്തൃതെരഞ്ഞെടുപ്പ് സംബന്ധിച്ച് | സമിതിയുടെ പരിഗണനയിൽ |

## 4-6 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 13,38,74,051 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 12,85,84,444 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 2634528 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 19939704 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 1,75000 | ശ്രീ.സി.ആർ .മോഹനൻ ,സെക്രട്ടറി |
| 3-3 | | 171240 | |
| 3-6 | | 2239024 | ശ്രീ.സി.ആർ .മോഹനൻ |

| | | | |
|---|---|---|---|
| | | | ,സെക്രട്ടറി |
| 3-9 | | 1308 | ശ്രീ.കെ.മുനവർ, മുൻസിപ്പൽ എഞ്ചിനീയർ |
| 3-10 (എ ) | | 12514 | ശ്രീ.കെ.മുനവർ, മുൻസിപ്പൽ എഞ്ചിനീയർ |
| 3-10 (ബി) | | 5271 | |
| 3-14 | | 13771 | ശ്രീ.കെ.മുനവർ, മുൻസിപ്പൽ എഞ്ചിനീയർ |
| 3-25 | | 16400 | ശ്രീ.സി.ആർ .മോഹനൻ ,സെക്രട്ടറി |
| ആകെ | | 2634528 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 570518 | ശ്രീ.സി.ആർ .മോഹനൻ ,സെക്രട്ടറി |
| 3-2 | 224000 | ശ്രീ.സി.ആർ .മോഹനൻ ,സെക്രട്ടറി |
| 3-4 | 1650000 | ശ്രീ.സി.ആർ .മോഹനൻ ,സെക്രട്ടറി |

| | | |
|---|---|---|
| 3-5 | 845000 | ശ്രീ.സി.ആർ .മോഹനൻ ,സെക്രട്ടറി |
| 3-11 | 589940 | ശ്രീ.സി.ആർ .മോഹനൻ ,സെക്രട്ടറി |
| 3-13 | 4472445 | ശ്രീ.കെ.മുനവർ, മുൻസിപ്പൽ എഞ്ചിനീയർ |
| 3-15 | 427101 | ശ്രീ.കെ.മുനവർ, മുൻസിപ്പൽ എഞ്ചിനീയർ |
| 3-16 | 1375000 | ശ്രീ.സി.ആർ .മോഹനൻ ,സെക്രട്ടറി |
| 3-17 | 5286000 | ശ്രീ.സി.ആർ .മോഹനൻ ,സെക്രട്ടറി |
| 3-18 | 99700 | ശ്രീ.എ.കെ.കരുണാകരൻ, പ്രിൻസിപ്പിൾ |
| 3-19 | 2500000 | ശ്രീമതി.പ്രജീഷ.പി.പി ക്ഷീരവികസന ഓഫീസർ |
| 3-20 | 400000 | ഡോ.അജി വിൽബർ, മെഡിക്കൽ ഓഫീസർ,ഹോമിയോ |
| 3-26 | 1500000 | ശ്രീ.സി.ആർ .മോഹനൻ ,സെക്രട്ടറി |
| | 19939704 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര് ഉദ്യോഗപേര് | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സി.ആർ .മോഹനൻ , സെക്രട്ടറി | - | ചക്കാലക്കൽ വീട്<br>കളനാടിക്കൊല്ലി പി.ഒ<br>പുൽപ്പള്ളി, വയനാട് |
| ശ്രീ.കെ.മുനവർ, മുൻസിപ്പൽ എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ,<br>സു.ബത്തേരി നഗരസഭ | നസ്മാ മൻസിൽ,<br>കാപ്പൻകൊല്ലി,<br>മേപ്പാടി .പി.ഒ,<br>കൽപ്പറ്റ,വയനാട് |
| ശ്രീ. എ.കെ.കരുണാകരൻ പ്രിൻസിപ്പാൾ | പ്രിൻസിപ്പൽ, GSVHSS,<br>സു.ബത്തേരി | ആലക്കാത്തുമാലിൽ,<br>മൂലങ്കാവ് .പി.ഓ.<br>വയനാട്. |

## 4-7 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 2015-16 | കെ.എസ്.എ(ഡബ്ള്യു.വൈ.ഡി.)എം.2-75/17-7.2.17 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)എം2-611/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ.

പിൻ -673121

തിയ്യതി: 10/11/2017.

Phone- 04936 203672

Email- dowyd.ksad@kerala.gov.in

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് വകുപ്പ് നിയമത്തിൻെറ 4-ാം വകുപ്പ് 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമത്തിലെ 295(4)-ാം വകുപ്പ് ഇവ അനുസരിച്ചും നഗരപാലിക രാജ്

സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റിയുടെ 31.3.2017-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റുമെൻറിൻെറ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എൻെറ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എൻെറ അഭിപ്രായത്തിൽ സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി 2016-17ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്.

## AUDIT CERTIFICATE

No. KSA.(WYD)M2/611/2017

Kerala State Audit Department

District Audit Office,

Wayanad, Kalpetta ,

Dated:10/11/2017

Email- dowyd.ksad@kerala.gov.in

## CERTIFICATE

Certified that I have examined the Annual Financial Statement of Sulthan Bathery Municipality in Wayanad District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 295(4) of the Kerala Municipality Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj institutions.

In my opinion, the financial statements of Sulthan Bathery Municipality for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

Senior Deputy Director

District Audit office, Wayanad.